18
2024
മേയ്
ശനി
ഇടവം 4

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.188 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-188 പേജ് 4, വില 2.00 രൂപ




02 ആലക്കോട് രാജാവിൻെറ 250 ഏക്കർ ഇനി സർക്കാരിന് സ്വന്തം

03 പൊന്തൻപുഴ പട്ടയ സമരം ഏഴാം വർഷത്തിലേക്ക്

04 സൗര കൊടുങ്കാറ്റ് ഇനിയും വരുന്നു

## വിഴിഞ്ഞം തുറമുഖം മുതൽ ബാലരാമപുരം വരെ

# ഭൂഗർഭ തീവണ്ടിപ്പാതയുടെ ഡി.പി.ആറിന് അംഗീകാരമായി

തിരുവനന്തപുരം : വിഴിഞ്ഞം തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ തീവണ്ടിപ്പാതയുടെ പദ്ധതിരേഖയ്ക്ക് (ഡി.പി.ആർ.) അംഗീകാരമായി. ചരക്കുനീക്കത്തിന് വിഴിഞ്ഞംമുതൽ ബാലരാമപുരം വരെ 10.76 കിലോമീറ്റർ ദൂരം വരുന്ന തീവണ്ടിപ്പാതയ്ക്കാണ് ചീഫ് സെക്രട്ടറി ഡോ. വി.വേണു അധ്യക്ഷനായ പദ്ധതിനിർവഹണ സമിതി അംഗീകാരം നൽകിയത്. തീവണ്ടിപ്പാതയുടെ 9.5 കിലോമീറ്ററും ഭൂഗർഭപാതയായാണ് വിഭാവനം ചെയ്തിരിക്കുന്നത്. 1400 കോടി രൂപ ചെലവുവരുന്ന പദ്ധതിയുടെ നിർമാണച്ചുമതല കൊങ്കൺ റെയിൽ കോർപ്പറേഷനാണ്. ഇതിന്റെ ഭാഗമായി ബാലരാമപുരം റെയിൽവേ സ്റ്റേഷനും നവീകരിക്കുന്നുണ്ട്.



ബാലരാമപുരം റെയിൽവേ സ്റ്റേഷനെ സിഗ്നൽ സ്റ്റേഷനാക്കി ഉയർത്തുകയും കണ്ടെയ്നർ യാർഡ് നിർമിക്കുകയും ചെയ്യും. നിർദിഷ്ട ഔട്ടർ റിങ് റോഡ് ബാലരാമപുരം മടവൂർപ്പാറയിൽവെച്ച് റെയിൽ റോഡുമായി ചേരും.തുറമുഖം പ്രവർത്തനസജ്ജമാകുന്ന സമയത്ത് കണ്ടെയ്നറുകൾക്ക് ദേശീയ പാതയിൽ സഞ്ചാരസൗകര്യമൊരുക്കും.

തുറമുഖ റോഡ് ദേശീയ പാതയിൽ വന്നുചേരുന്നയിടത്ത് മീഡിയൻ മുറിച്ചാകും ഗതാഗതസൗകര്യമുണ്ടാക്കുക. ഇതിനായുള്ള നിർദേശം പദ്ധതിനിർവഹണ സമിതി ദേശീയപാത അതോറിറ്റിക്ക് നൽകി. തത്കാലം ഈ നിർദേശം ദേശീയപാത അതോറിറ്റി അംഗീകരിക്കുമെന്നാണ് സൂചന.

കന്യാകുമാരിവരെ ദേശീയ പാത സജ്ജമാകുന്നവേളയിൽ വിഴിഞ്ഞത്ത് ക്ലോവർ ലീഫ് ഇന്റർസെക്ഷൻ നിർമിക്കും. തുറമുഖത്തുനിന്നു ദേശീയപാതയിലേക്കു കയറുന്ന റോഡ് വീതികൂട്ടും. ദേശീയപാതയുടെ സർവീസ് റോഡ് ഉപയോഗിച്ചാകും ആദ്യഘട്ടത്തിൽ ചരക്കുനീക്കം.റെയിൽ, റോഡ് കണക്ടിവിറ്റിക്കായ് പരമാവധി കേന്ദ്രഫണ്ട് ലഭ്യമാക്കാനാണ് ഇപ്പോഴത്തെ തീരുമാനം. സാഗർമാലപോലുള്ള പദ്ധതികളിൽനിന്നുള്ള കേന്ദ്രഫണ്ട് ലഭ്യമാകുമെന്നാണ് സംസ്ഥാനത്തിന്റെ പ്രതീക്ഷ.

## തിരഞ്ഞെടുപ്പ് കമ്മിഷന് നോട്ടീസയച്ച് സുപ്രീം കോടതി; നടപടി പോളിങ് കണക്ക് വൈകരുതെന്ന ഹർജിയിൽ

ന്യൂഡൽഹി: ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പോളിങ് കണക്കുകൾ വോട്ടെടുപ്പ് കഴിഞ്ഞ് 48 മണിക്കൂറിനകം പുറത്തുവിടണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജിയിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷന് സുപ്രീം കോടതിയുടെ നോട്ടീസ്. സന്നദ്ധ സംഘടനയായ അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസ് (എ.ഡി.ആർ) സമർപ്പിച്ച ഹർജിയിലാണ് സുപ്രീം കോടതി നോട്ടീസ് അയച്ചത്.

ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഢ്, ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, സഞ്ജീവ് ഖന്ന എന്നിവരടങ്ങിയ ബെഞ്ചാണ് നോട്ടീസയച്ചത്. കേസ് സുപ്രീം കോടതി മേയ് 24ന് വീണ്ടും പരിഗണിക്കും.

കണക്കുകൾ തിരഞ്ഞെടുപ്പ് കമ്മിഷൻ പുറത്തുവിടണമെന്നും എന്തുകൊണ്ടാണ് അത് പുറത്തുവിടാൻ വൈകുന്നതെന്നും ഹർജി പരിഗണിക്കവെ കോടതി തിരഞ്ഞെടുപ്പ് കമ്മിഷനോട് ചോദിച്ചു. കണക്കുകൾ പുറത്തുവിടുന്നതിൽ ഒരു ബുദ്ധിമുട്ടുമില്ലെന്നും എന്നാൽ ഓരോ ബൂത്തിലേയും പോൾചെയ്ത വോട്ടുകളുടെ എണ്ണം രേഖപ്പെടുത്തുന്ന 17 സി ഫോമുകൾ സമാഹരിക്കുന്നത് സമയമെടുക്കുന്ന പ്രക്രിയയാണെന്നും തിരഞ്ഞെടുപ്പ് കമ്മിഷൻ മറുപടി നൽകി. അഡ്വ. മനിന്ദർ സിങ്, അഡ്വ. അമിത് ശർമ്മ എന്നിവരാണ് കമ്മിഷന് വേണ്ടി ഹാജരായത്.

എ.ഡി.ആറിന് വേണ്ടി അഡ്വ. പ്രശാന്ത് ഭൂഷൺ ഹാജരായി. തിരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടത്തിലും യഥാർഥ പോളിങ് കണക്കുകളിൽ വലിയ കുതിപ്പാണ് രേഖപ്പെടുത്തിയതെന്ന് അദ്ദേഹം കോടതിയിൽ പറഞ്ഞു. 2019ലാണ് ഹർജി സമർപ്പിച്ചതെന്നും വിശദമായ മറുപടി അന്നുതന്നെ തിരഞ്ഞെടുപ്പ് കമ്മിഷൻ നൽകിയതാണെന്നും എന്നാൽ ഹർജിക്കാർ അതിൽ പുനഃപരിശോധനാ ഹർജി നൽകിയില്ലെന്നും തിരഞ്ഞെടുപ്പ് കമ്മിഷന്റെ അഭിഭാഷകർ പറഞ്ഞു.

'വിവരങ്ങൾ ശേഖരിക്കാൻ സമയം ആവശ്യമാണ്. വോട്ടെടുപ്പ് കഴിയുമ്പോൾ ഓരോ ബൂത്തിലേയും പോളിങ് ഏജന്റുമാർക്ക് വിവരങ്ങളുടെ പകർപ്പ് നൽകും. ഈ വിവരങ്ങളിന്മേൽ എന്തെങ്കിലും തർക്കമുണ്ടെങ്കിൽ സ്ഥാനാർഥികൾക്ക് തിരഞ്ഞെടുപ്പ് പരാതി നൽകാൻ അവസരമുണ്ട്', തിരഞ്ഞെടുപ്പ് കമ്മിഷൻ സുപ്രീം കോടതിയിൽ പറഞ്ഞു. തിരഞ്ഞെടുപ്പിന്റെ മധ്യത്തിൽ ഇത്തരം ഹർജികൾ കോടതിയ്ക്കുമുമ്പാകെ എത്തുന്നത് വലിയ വിഭാഗം വോട്ടർമാരെ, പ്രത്യേകിച്ച് ആദ്യമായി വോട്ട് ചെയ്യാനെത്തുന്നവരെ പിന്തിരിപ്പിക്കുമെന്നും കമ്മിഷൻ കോടതിയിൽ പറഞ്ഞു.

ലോക്സഭാ തിരഞ്ഞെടുപ്പിലെ ഓരോ ഘട്ടം വോട്ടെടുപ്പ് കഴിയുമ്പോഴും ഫോം 17 സിയുടെ ഭാഗം ഒന്നിൽ രേഖപ്പെടുത്തിയ ആകെ പോൾ ചെയ്ത വോട്ടുകളുടെ എണ്ണത്തിന്റെ കൃത്യമായ കണക്ക് ബൂത്ത് തിരിച്ച് പട്ടികപ്പെടുത്തി നൽകാൻ തിരഞ്ഞെടുപ്പ് കമ്മിഷനോട് നിർദേശിക്കണമെന്നാണ് എ.ഡി.ആർ. ഹർജിയിലൂടെ സുപ്രീം കോടതിയോട് ആവശ്യപ്പെട്ടത്. കൂടാതെ മണ്ഡലം അടിസ്ഥാനത്തിലുള്ള വോട്ടുകളുടെ എണ്ണവും ലഭ്യമാക്കണമെന്നും ഹർജിയിൽ ആവശ്യപ്പെടുന്നു.

വോട്ടെണ്ണുമ്പോൾ ഓരോ സ്ഥാനാർഥികൾക്കും കിട്ടുന്ന വോട്ടിന്റെ എണ്ണം രേഖപ്പെടുത്തുന്ന ഫോം 17 സിയുടെ ഭാഗം രണ്ടിന്റെ സ്കാൻ ചെയ്ത വ്യക്തമായ കോപ്പികൾ തിരഞ്ഞെടുപ്പ് കമ്മിഷന്റെ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യാൻ നിർദേശിക്കണമെന്നും എ.ഡി.ആർ. സുപ്രീം കോടതിയോട് ആവശ്യപ്പെട്ടു. പോൾ ചെയ്ത വോട്ടുകളുടെ കൃത്യമായ എണ്ണമാണ് പ്രസിദ്ധീകരിക്കേണ്ടതെന്നും അതില്ലാതെ ശതമാനം മാത്രം പ്രസിദ്ധീകരിക്കുന്നതിൽ അർഥമില്ലെന്നും എ.ഡി.ആർ. കോടതിയിൽ പറഞ്ഞു.

## മലയാളി മോഡലിനെ ഹോട്ടലിൽ എത്തിച്ച് പീഡിപ്പിക്കാൻ ശ്രമം; പരസ്യ ഏജൻറ് പിടിയിൽ

ചെന്നൈ: മലയാളി മോഡലിനെ പീഡിപ്പിക്കാൻ ശ്രമിച്ച കേസിൽ പരസ്യ ഏജൻറ് പിടിയിൽ. പരസ്യ ഏജൻറായ സിദ്ധാർഥാണ് പിടിയിലായത്. എറണാകുളം സ്വദേശിയായ യുവതിയാണ് പോലീസിൽ പരാതി നൽകിയത്.

ചെന്നൈയിലെ ഹോട്ടലിൽവച്ചാണ് സംഭവം നടക്കുന്നത്. പരസ്യചിത്രത്തിൽ അഭിനയിക്കാൻ വിളിച്ചുവരുത്തിയ ശേഷം ഹോട്ടൽമുറിയിൽ വച്ച് സിദ്ധാർഥ് യുവതിയെ പീഡിപ്പിക്കാൻ ശ്രമിക്കുകയായിരുന്നു.

ഇംഗ്ലണ്ടിൽ ചിത്രീകരിക്കുന്ന പരസ്യത്തിൽ അഭിനയിക്കാനെന്ന് പറഞ്ഞാണ് ഇയാൾ യുവതിയെ ഹോട്ടലിലേക്ക് വിളിച്ചുവരുത്തിയത്. ശേഷം കടന്നുപിടിക്കാൻ ശ്രമിക്കുകയായിരുന്നു. തുടർന്ന് യുവതി മുറിയിൽനിന്ന് ഇറങ്ങിയോടി ഹോട്ടൽ ജീവനക്കാരെ വിവരമറിയിക്കുകയായിരുന്നു.

## ശക്തമായ കാറ്റും മോശം കാലാവസ്ഥയും; കേരള തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക്

തിരുവനന്തപുരം: സംസ്ഥാനത്ത് കനത്ത മഴയും മോശം കാലാവസ്ഥയും തുടരുന്ന സാഹചര്യത്തിൽ കേരള തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക്.

ശക്തമായ കാറ്റും മോശം കാലാവസ്ഥയും പ്രതീക്ഷിക്കുന്നതിനാൽ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ കേരള തീരത്ത് നിന്ന് കടലിൽ പോകാൻ പാടുള്ളതല്ലെന്നും മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് നിർദേശം നല്കി. മുന്നറിയിപ്പ് കർശനമായി പാലിക്കണാനും നിർദേശമുണ്ട്.

സംസ്ഥാനത്ത് ഇന്ന് മുതൽ തീവ്രമഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് അലർട്ടാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്.

ഇന്നും ശനിയാഴ്ചയും കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും മണിക്കൂറിൽ 40 മുതൽ 50 കി.മീ വരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ഞായർ, തിങ്കൾ ദിവസങ്ങളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും മണിക്കൂറിൽ 30 മുതൽ 40 കി.മീ വരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

## നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ കാട്ടിലെ കണ്ണ്'നെ ഗുണ്ടാ നിയമപ്രകാരം ജയിലിലടച്ചു

തിരുവനന്തപുരം: നിരവധി ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട പ്രതിയെ ഗുണ്ടാ നിയമപ്രകാരം ജയിലിലടച്ചു. കാട്ടിലെ കണ്ണൻ എന്നറിയപ്പെടുന്ന വെങ്ങാനൂർ മുട്ടയ്ക്കാട് വെള്ളാർ അരിവാൾ കോളനിയിൽ പണയിൽ വീട്ടിൽ വിമൽ മിത്ര(23)യെ ആണ് കോവളം പോലീസ് അറസ്റ്റുചെയ്തത്.

നാട്ടുകാരുടെ സമാധനപരമായ ജീവിതത്തിന് ഇയാൾ തടസമാണെന്ന് കാട്ടി കോവളം എസ്.എച്ച്.ഒ. സജീവ് ചെറിയാൻ ഫോർട്ട് അസി. കമ്മീഷണർ ബിനുകുമാറിനും തുടർന്ന് കളക്ടർക്കും കൈമാറിയ റിപ്പോർട്ടിനെ തുടർന്നാണ് നടപടി. കളക്ടർ നൽകിയ ശുപാർശ പ്രകാരമാണ് ഇയാളെ ഗുണ്ടാ നിയമപ്രകാരം ജയിലിലടച്ചത്.

## പത്തുവയസുകാരിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച കേസ്: പ്രതിയെന്ന് സംശയിക്കുന്ന യുവാവ് കസ്റ്റഡിയിൽ

കാസർഗോഡ്: സ്വന്തം വീടിനുള്ളിൽ ഉറങ്ങിക്കിടന്ന പത്തുവയസുകാരിയെ തട്ടിക്കൊണ്ടുപോയി ലൈംഗികമായി പീഡിപ്പിച്ച കേസിൽ ഒരാൾ പോലീസ് കസ്റ്റഡിലുള്ളതായി സൂചന. നേരത്തെ പീഡന കേസിലടക്കം പ്രതിയായ യുവാവാണ് കസ്റ്റഡിയിലുള്ളത്. ബന്ധുവിൻറെ വീട്ടിൽ നിന്നാണ് ഇയാളെ പോലീസ് കസ്റ്റഡിയിലെടുത്തത്.

കാഞ്ഞങ്ങാട് ഡിവൈഎസ്പിയുടെ നേതൃത്വത്തിൽ 25 അംഗ സംഘമാണ് കേസ് അന്വേഷിക്കുന്നത്. പെൺകുട്ടിയുടെ കമ്മൽ കവർന്ന് രക്ഷപ്പെട്ട പ്രതിക്കായി സിസിടിവി ദൃശ്യങ്ങൾ ശേഖരിച്ചായിരുന്നു പരിശോധന.

വെളുത്ത് ഉയരമുള്ള മലയാളം സംസാരിക്കുന്ന ആളാണ് തട്ടിക്കൊണ്ടുപോയതെന്നാണ് കുട്ടി മൊഴി നൽകിയിരിക്കുന്നത്. പ്രതിക്കെതിരെ പോക്സോ വകുപ്പുകൾ പ്രകാരം കേസെടുത്തിട്ടുണ്ട്.

കഴിഞ്ഞ ദിവസം പുലർച്ചെ മൂന്നോടെ കാഞ്ഞങ്ങാട് നഗരസഭാ പരിധിയിലാണ് മനുഷ്യമനഃസാക്ഷിയെ ഞെട്ടിക്കുന്ന സംഭവം നടന്നത്. പെൺകുട്ടി വല്യച്ഛൻറെയും വല്യമ്മയുടെയും കൂടെയാണ് സാധാരണ കിടന്നുറങ്ങാറുള്ളത്.

അച്ഛനും അമ്മയും കുട്ടിയുടെ ചേച്ചിയും മറ്റൊരു മുറിയിലാണ് കിടക്കുക. വല്യമ്മ കുടുംബശ്രീ അംഗങ്ങൾക്കൊപ്പം വിനോദയാത്ര പോയിരുന്നതിനാൽ കുട്ടിയും വല്യച്ഛനും മാത്രമാണ് മുറിയിലുണ്ടായിരുന്നത്.

എല്ലാ ദിവസവും പുലർച്ചെ മൂന്നിന് വല്യച്ഛൻ എഴുന്നേറ്റ് പശുവിനെ കറക്കാൻ പോകാറുണ്ട്. പശുവിനെ കറന്നുതീരുന്നതുവരെ അടുക്കള ഭാഗത്തെ കതക് അടയ്ക്കാറില്ല. ഈ സമയത്താണ് പ്രതി പെൺകുട്ടിയെ വീട്ടിൽ കയറി തട്ടിക്കൊണ്ടുപോയത്.

തോളത്ത് കിടത്തി എടുത്തുകൊണ്ടുപോയ പെൺകുട്ടി ഞെട്ടിയുണർന്ന് കരഞ്ഞപ്പോൾ പ്രതി കൈവിരലുകൾ കൊണ്ട് കണ്ണുകൾ അമർത്തിപ്പിടിച്ച് കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി. 500 മീറ്റർ അകലെയുള്ള വയലിൽ കൊണ്ടുപോയി കുട്ടിയെ ലൈംഗികമായി പീഡിപ്പിക്കുകയായിരുന്നു. പെൺകുട്ടി ധരിച്ച രണ്ടു ഗ്രാം തൂക്കമുള്ള കമ്മലുകളും പ്രതി കവർന്നു.

ഇതിനുശേഷം പ്രതി അവിടെനിന്നു കടന്നുകളഞ്ഞു. ഇതിനിടെ വീട്ടുകാരും ഏതാനും അയൽവാസികളും കുട്ടിയെ കാണാത്തതിനെ തുടർന്ന് അന്വേഷണം ആരംഭിച്ചിരുന്നു. സുബോധം വീണ്ടെടുത്ത പെൺകുട്ടി അടുത്ത വീട്ടിലെത്തി കതകിൽ തട്ടിയപ്പോൾ ആ വീട്ടുകാർ കുട്ടിയുടെ വീട്ടുകാരെ വിവരമറിയിക്കുകയായിരുന്നു.

കഴുത്തിനും കണ്ണിനും പരിക്കേറ്റ കുട്ടിയെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആദ്യം മോഷണം മാത്രമാണ് നടന്നതെന്നായിരുന്നു അനുമാനം. എന്നാൽ ഉച്ചകഴിഞ്ഞ് മെഡിക്കൽ പരിശോധനാഫലം വന്നപ്പോഴാണ് കുട്ടി ലൈംഗിക പീഡനത്തിരയായെന്ന് വ്യക്തമായത്.





ലേബർ ഫെഡ് അംഗസംഘങ്ങളിലെ തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് പ്രഖ്യാപനവും ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനവും മന്ത്രി വി. എൻ. വാസവൻ നിർവഹിക്കുന്നു

# ആലക്കോട് രാജാവിൻെറ 250 ഏക്കർ ഇനി സർക്കാരിന് സ്വന്തം

ചപ്പാരപ്പടവ്: ലാൻഡ് റവന്യൂ കമ്മീഷണർ ഡോ.എ. കൗശികൻറെ ഭൂരേഖ പരിശോധനയിൽ സർക്കാരിന് ലഭിച്ചത് ആലക്കോട് രാജാവിൻറെ 750 കോടിയോളം വിലമതിക്കുന്ന 250 ഏക്കർ ഭൂമി.

കോളിയാട് എസ്റ്റേറ്റ് മാനേജിംഗ് പാർട്ണർ ആയിരുന്ന ആലക്കോട് രാജാവെന്ന് അറിയപ്പെട്ടിരുന്ന അന്തരിച്ച പി.ആർ.രാമവർമ രാജയുടെ ലാൻഡ് സീലിംഗ് കേസിൻറെ തുടർച്ചയായാണ് ലാൻഡ് ബോർഡിൻറെ ഉത്തരവിറങ്ങിയത്. പൂഞ്ഞാർ രാജകുടുംബത്തിലെ അംഗമായിരുന്നു രാമവർമ രാജ. ഏതാണ്ട് അഞ്ച് പതിറ്റാണ്ട് നീണ്ടുപോയ മിച്ചഭൂമി കേസിലാണ് ഉത്തരവായത്.

നിലവിൽ ഈ കേസ് നടത്തിയിരുന്നത് കോളിയാട് എസ്റ്റേറ്റിൻറെ പുതിയ അവകാശിയായ കുമാരി വർമയാണ്. മിച്ചഭൂമിയായി സർക്കാർ ഏറ്റെടുത്ത ഭൂമയിൽ 250 ഏക്കർ പ്ലാൻറേഷൻ കോർപറേഷൻറെ കൈവശമുണ്ടെന്നും അത് തിരിച്ചുകൊടുക്കണമെന്നും ആവശ്യപ്പെട്ടാണ് ഹർജിക്കാരൻ ഹൈക്കോടതിയെ സമീപിച്ചത്. ഹർജിക്കാരൻറെ അവകാശവാദങ്ങൾ സംബന്ധിച്ച പ്രശ്നങ്ങൾ കൃത്യമായ സർവേ നടത്തി ഭൂമിയുടെ അതിർത്തി നിർണയിച്ച് പരിഹരിക്കണമെന്ന് വിവിധ വിധികളിലൂടെ ഹൈക്കോടതി നിർദേശിച്ചു.

ഈ വിഷയം കോടതിയലക്ഷ്യ കേസിൽ എത്തിയപ്പോഴാണ് നടപടികളുടെ ഭാഗമായി ലാൻഡ് റവന്യൂ കമ്മീഷണർ ഡോ.എ. കൗശികൻ രേഖകൾ പരിശോധിച്ചത്. 2023 ജൂൺ ആറിലെയും 2023 നവംബർ 15ലെയും കോടതിയലക്ഷ്യ ക്കേസിൽ ഹൈക്കോടതിയുടെ വിധിക്ക് വ്യക്തമായ മറുപടി നൽകിയാണ് ലാൻഡ് റവന്യൂ കമ്മീഷണർ നിർണായക ഉത്തരവിറക്കിയത്.

കൗശികൻ കോളിയാട് എസ്റ്റേറ്റിൻറെ ഭൂരേഖകൾ സൂക്ഷ്മപഠനം നടത്തിയതിനാലാണ് ഈ കേസിൽ സർക്കാരിന് വിജയിക്കാനായത്. എസ്റ്റേറ്റ് ഭൂമി സംബന്ധിച്ച സർവേ റിപ്പോർട്ട്, സർവേ സ്കെച്ച്, മറ്റ് സാമഗ്രികൾ എന്നിവയുൾപ്പെടെ എല്ലാ രേഖകളും കേസ് ഫയലും പൂർണമായും പഠിച്ചാണ് ഉത്തരവ് തയാറാക്കിയത്.

കേസ് തുടങ്ങിയിട്ട് അഞ്ച് പതിറ്റാണ്ട്

കോളിയാട് എസ്റ്റേറ്റിൻറെ മാനേജിംഗ് പാർട്ണർ രാമവർമ്മ രാജ പ്രതിനിധീകരിക്കുന്ന സീലിംഗ് കേസുമായി ബന്ധപ്പെട്ട തർക്കം അഞ്ച് പതിറ്റാണ്ടുകളായി നീണ്ടതാണ്. ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ് 85 (2) പ്രകാരം 1970 ൽ നൽകിയ പ്രസ്താവനയെ അടിസ്ഥാനമാക്കിയാണ് പി.ആർ. രാമവർമ്മ രാജക്കെതിരേ സീലിംഗ് കേസ് ആരംഭിച്ചത്. 1972 ഓഗസ്റ്റ് ഒന്നിലെ ലാൻഡ് ബോർഡ് ഉത്തരവിനെതിരേ ഹൈക്കോടതിയിൽ സിവിൽ റിവിഷൻ പെറ്റീഷൻ 1972 ൽ ഫയൽ ചെയ്തു. അത് 1973 ഓഗസ്റ്റ് മൂന്നിന് തീർപ്പാക്കിയിരുന്നു. 1973 നവംബർ 12ന് ഹാജരായ പി.ആർ.രാമവർമ രാജ അഞ്ച് ഇനം ഭൂമി സറണ്ടർ ചെയ്യാൻ സമ്മതിച്ചിരുന്നു. എന്നാൽ, 24 വർഷത്തിനു ശേഷം 1997ലും 1998ലും പി.ആർ.രാമവർമ്മ രാജ ലാൻഡ് ബോർഡിന് മുമ്പാകെ ഹർജികൾ നൽകി.

സർക്കാർ തെറ്റായി ഏറ്റെടുത്ത ഭൂമി തിരിച്ചുകിട്ടണമെന്ന് ആവശ്യപ്പെട്ടാണ് ഹർജി നൽകിയത്. സറണ്ടർ ചെയ്യാൻ ഉത്തരവിട്ട മിച്ചഭൂമി 1974 ൽ തന്നെ റവന്യൂ അധികാരികൾ ഏറ്റെടുത്തു. അപ്പോൾ കക്ഷികൾ എതിർപ്പൊന്നും ഉന്നയിച്ചില്ല. യാതൊരു മെറിറ്റും കണ്ടെത്താത്തതിനാൽ, 1998 ലെ ഹർജി സംസ്ഥാന ലാൻഡ് ബോർഡ് നിരസിച്ചു. ലാൻഡ് ബോർഡിൻറെ തീരുമാനത്തിനെതിരെ1999 ൽ ഹൈക്കോടതിയിൽ ഒ.പി ഫയൽ ചെയ്തു. നിയമപ്രകാരം ടി.എൽ.ബി ഉത്തരവിനെതിരെ സിവിൽ റിവിഷൻ പെറ്റീഷൻ (സി.ആർ.പി) മാത്രമേ നിലനിൽക്കൂ. ടി.എൽ.ബി ഉത്തരവിറങ്ങി 60 ദിവസത്തിനകം ക്ലെയിം ചെയ്യണമെന്നാണ് വ്യവസ്ഥ. കോളിയാട് എസ്റ്റേറ്റിൻറെ കാര്യത്തിൽ 24 വർഷം കഴിഞ്ഞാണ് ഹൈക്കോടതിയിൽ ഒ.പി ഫയൽ ചെയ്തത്. സി.ആർ.പി ഫയൽ ചെയ്യാതെ ഒ.പി ഫയൽ ചെയ്തത് തെറ്റായ നടപടിയാണെന്ന് കൗശികൻ ചൂണ്ടിക്കാണിച്ചു.

ആവശ്യപ്പെട്ട ഭൂരേഖകൾ ഹാജരാക്കിയ ശേഷം കോടതി നിർദേശിച്ച പ്രകാരം ഹർജിക്കാരൻറെ വാദം കേട്ടു. പി.ആർ.രാമവർമ്മ രാജയുടെ മകൾ കുമാരി വർമ്മയെ പ്രതിനിധീകരിച്ച് ലാൻഡ് ബോർഡിന് മുന്നിൽ ഹാജരായത് അജിത് രാമവർമയാണ്. 2023 സെപ്റ്റംബർ അഞ്ചിന് അദ്ദേഹത്തെ നേരിട്ട് കേട്ടു. ലാൻഡ് ബോർഡ് ആശ്രയിക്കുന്നതും അജിത് രാമവർമ ആവശ്യപ്പെട്ടതുമായ രേഖകളുടെ പകർപ്പുകൾ (സർവേ റിപ്പോർട്ടും സ്കെച്ചുകളും ഉൾപ്പെടെ) തപാൽ വഴി അയച്ചു.

അത് ലഭിച്ചതിന് ശേഷം, 2023 സെപ്റ്റംബർ 20ന് ലാൻഡ് ബോർഡ് അദ്ദേഹത്തെ വീണ്ടും നേരിട്ട് കേട്ടു. അദ്ദേഹത്തിൻറെ വാദങ്ങളെല്ലാം ഫയൽ ചെയ്തു. ഹരജിക്കാരൻ സമർപ്പിച്ച എതിർപ്പുകൾ വിശദമായി പരിശോധിക്കുകയും ചെയ്തു. ഹർജിക്കാരൻ വാദിക്കുന്നതുപോലെ തെറ്റായി ഭൂമി ഏറ്റെടുത്ത് സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ കൗശികന് വ്യക്തമായി.

കൈയേറിയ ഭൂമി, കൈവശപ്പെടുത്തിയ ഭൂമി, രൂപമാറ്റം വരുത്തിയ ഭൂമി, രാജയുടെ കൈവശമുള്ള ഇളവ് ചെയ്ത ഭൂമി എന്നിവയടെ വ്യാപ്തി സർവേ സ്കെച്ചുകൾ പ്രകാരം പരിശോധിച്ചു. ലാൻഡ് ബോർഡിൻറെ ഉത്തരവിനെതിരേ നൽകിയ ഹർജിയാണ് കൗശികൻ ഇപ്പോൾ തള്ളിക്കളഞ്ഞത്. കൗശികൻ ഉത്തരവിറക്കിയപ്പോൾ സർക്കാരിന് ലഭിച്ചത് ഏതാണ്ട് 750 കോടി വില വരുന്ന ഭൂമിയാണ്. 50 വർഷത്തെ കേസ് ഫയലും ഭൂരേഖകളും പഠിച്ച് ഉത്തരവ് ഇറക്കി എന്നത് ചരിത്രത്തിൽ അടയാളപ്പെടുത്തേണ്ടതാണ്. ഈ ഭൂമിയിലാണ് സർക്കാർ സംസ്ഥാനത്തെ ഏറ്റവും വലിയ സഫാരി പാർക്കും ബൊട്ടാണിക്കൽ ഗാർഡനും മ്യൂസിയവും ഒരുക്കാനായി ബജറ്റിൽ രണ്ടു കോടി രൂപ വകയിരുത്തിയിരിക്കുന്നത്

# മലബാർ ബൊട്ടാണിക്കൽ ഗാർഡൻെറ പ്രവർത്തന രീതികൾക്കെതിരേ ആക്ഷേപം

കോഴിക്കോട്: ഒരു സ്ഥാപനത്തിന് ഉണ്ടായിരിക്കേണ്ട മികച്ച പ്രവർത്തന സംസ്കാരം മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാൻറ് സയൻസിന് ഇല്ലെന്നാണ് പരാതികളിൽ നിന്ന് മനസിലാകുന്നതെന്ന് മനുഷ്യാവകാശ കമ്മീഷൻ.

തുറന്ന ആശയവിനിമയം, സഹകരണാത്മകമായ അന്തരീക്ഷം, പരസ്പര ബഹുമാനം, സഹാനുഭൂതി, മുതലായവ ഈ ശാസ്ത്ര സ്ഥാപനത്തിനില്ലാത്തത് തികച്ചും ഖേദകരമാണെന്ന് കമ്മീഷൻ ആക്ടിംഗ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ. ബൈജുനാഥ് ഉത്തരവിൽ പറഞ്ഞു. മലബാർ ബൊട്ടാണിക്കൽ ഗാർഡനിലെ വിവിധ പ്രോജക്ടുകളിൽ ജോലി ചെയ്യുന്നവർ ജൂനിയർ സയൻറിസ്റ്റുമാരിൽ നിന്നും അനുഭവപ്പെട്ട മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരേ സമർപ്പിച്ച പരാതിയിലാണ് കമ്മീഷൻറെ വിമർശനം

പരാതിക്ക് ആസ്പദമായ വിഷയത്തിൽ സ്ഥാപന മേധാവി ഫലപ്രദമായി ഇടപെട്ടിട്ടില്ലെന്നും കമ്മീഷൻ വിലയിരുത്തി. ഇരുകക്ഷികളും അവർ ജോലി ചെയ്യുന്ന സ്ഥാപനത്തെ മറന്ന് പെരുമാറി. പരാതിക്കാർ നിലവിൽ സ്ഥാപനത്തിൽ ജോലി ചെയ്യാത്ത സാഹചര്യത്തിൽ കമ്മീഷൻ ഇടപെടുന്നില്ല. പരാതിക്കാർക്ക് സർട്ടിഫിക്കറ്റോ മറ്റോ കിട്ടാനുണ്ടെങ്കിൽ കാലതാമസം കൂടാതെ നൽകണമെന്ന് കമ്മീഷൻ സ്ഥാപന മേധാവിയായ ഡയറക്ടർക്ക് നിർദ്ദേശം നൽകി.

ഡയറക്ടറിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി. ആരോപണങ്ങൾ അദ്ദേഹം നിഷേധിച്ചു. പരാതിക്കാരെ സ്ഥാപനത്തിൽ നിന്നും പറഞ്ഞുവിട്ടതു കാരണമാണ് പരാതി നൽകിയതെന്ന് റിപ്പോർട്ടിൽ പറയുന്നു. 2023 ജൂണിൽ സ്ഥാപനത്തിൽ ചുമതലയേറ്റ മൂന്ന് ജൂണിയർ സയൻറിസ്റ്റുമാരുമായി പൊരുത്തപ്പെടാൻ പ്രോജക്ട് സ്റ്റാഫിന് കഴിയാതെ വന്നതാണ് പ്രശ്നങ്ങൾക്ക് ഇടയാക്കിയതെന്ന് റിപ്പോർട്ടിൽ പറയുന്നു. പ്രോജക്ട് സ്റ്റാഫ് അംഗങ്ങളായിരുന്നവർ എസ്. ജിഷ്ണുരാജിൻറെ നേതൃത്വത്തിൽ നൽകിയ പരാതിയിലാണ് കമ്മീഷൻ നടപടി.

# 301 ക്രിമിനലുകൾ പിടിയിൽ

തിരുവനന്തപുരം: പോലീസിൻറെ സംസ്ഥാന വ്യാപക പരിശോധനയിൽ 301 ക്രിമിനലുകൾ പിടിയിൽ. സംസ്ഥാനത്ത് ഗുണ്ടാ വിളയാട്ടം ഏറിവരുന്ന സാഹചര്യത്തിൽ നടത്തിയ പരിശോധനയിലാണ് നടപടി.

ഡിജിപിയുടെ നേതൃത്വത്തിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥർ യോഗം ചേർന്ന് സംസ്ഥാനത്തെ ക്രിമിനൽ കേസുകളിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിലയിരുത്തി. അഞ്ചു പേർക്കെതിരേ സംസ്ഥാനത്ത് കാപ്പ ചുമത്തി. 53 പേർ കരുതൽ തടങ്കലിലുണ്ട്. ഗുരുതര കുറ്റകൃത്യം നടത്തിയ 90 പേർക്കെതിരേ വാറണ്ട് പുറപ്പെടുവിച്ചിട്ടുണ്ട്. 243 പേർ അറസ്റ്റിലുമാണന്നാണ് വിവരം.

സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേയുള്ള കുറ്റകൃത്യങ്ങൾ ഏറിവരുന്ന സാഹചര്യമുണ്ട്. ഇത്തരം കേസുകളിൽ പ്രത്യക ശ്രദ്ധ നൽകി പ്രതികളെ പിടികൂടാൻ ഊർജിതമായി ശ്രമിക്കണമെന്നും ഡിജിപി ഉന്നത പോലീസ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.

സമൂഹമാധ്യമങ്ങളിലൂടെ ലഹരി വിൽപ്പന വർധിച്ച സാഹചര്യം സംസ്ഥാനത്തുണ്ട്. ഈ സാഹചര്യത്തിൽ സൈബർസെൽ ഊർജിതമായി അന്വേഷണം നടത്തണമെന്നും നിർദേശം നൽകി. സംസ്ഥാനത്ത് രാത്രികാല പെട്രോളിംഗ് ശക്തിപ്പെടുത്താനും യോഗത്തിൽ തീരുമാനിച്ചു. തിരുവനന്തപുരത്ത് ഗുണ്ടകളുടെ വീടുകളിൽ പോലീസ് റെയ്ഡ്. ഓപ്പറേഷൻ ആഗ് എന്ന് പേരിട്ടിരിക്കുന്ന റെയ്ഡുമായി ബന്ധപ്പെട്ട് കരമന, നേമം പ്രദേശത്തെ ഗുണ്ടകളുടെ വീടുകളിൽ പോലീസെത്തി. ബുധനാഴ്ച പുലർച്ചെ മുതലാണ് ഇവരുടെ വീടുകളിൽ റെയ്ഡ് ആരംഭിച്ചത്. ഒരിടവേളയ്ക്ക്ശേഷം തലസ്ഥാനത്ത് ആക്രമണങ്ങൾ തുടർക്കഥയാകുന്ന സാഹചര്യത്തിലാണ് ഗുണ്ടകളെ അമർച്ച ചെയ്യാൻ പോലീസിൻറെ ഇടപെടൽ. കരമനയിൽ ഈ മാസം 10ന് യുവാവിനെ ഗുണ്ടകൾ തലയ്ക്കടിച്ചു കൊലപ്പെടുത്തിയിരുന്നു. മരുതൂർകടവ് പഞ്ചിപ്ലാവിള വീട്ടിൽ അഖിൽ (26) ആണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ പ്രതികളായ എട്ടുപേരെയും പോലീസ് അറസ്റ്റു ചെയ്തിരുന്നു.

കഴിഞ്ഞദിവസം രാത്രി വെള്ളറടയിൽ വീണ്ടും ലഹരിമാഫിയയുടെ ആക്രമണം ഉണ്ടായി. ഇതോടെ വിവിധകോണുകളിൽ നിന്നും പോലീസിനെതിരേ രൂക്ഷ വിമർശനം ഉയർന്നു.

# തരിയോട് പഞ്ചായത്തിനെതിരായ ആരോപണം അടിസ്ഥാനരഹിതം: പ്രസിഡൻറ്

കൽപ്പറ്റ: തരിയോട് പഞ്ചായത്തിനെതിരേ ഒൻപതാം വാർഡിൽ താമസിക്കുന്ന മൂത്തേടത്ത് ബേബി ഉന്നയിച്ച ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് പ്രസിഡൻറ് വി.ജി. ഷിബു വാർത്താസമ്മേളനത്തിൽ പറഞ്ഞു. കാവുമന്ദം കോൺവൻറ് ഐക്കരപ്പടി റോഡരികിലെ മൺ ഡ്രെയിനേജ് സ്വകാര്യ വ്യക്തി മണ്ണിട്ട് മൂടിയെന്നും ഇവിടെ മാനദണ്ഡങ്ങൾ ലംഘിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഡ്രെയിനേജ് നിർമാണത്തിനു തുക വകയിരുത്തിയെന്നുമാണ് ബേബി ആരോപിച്ചത്.

പ്രദേശത്ത് പ്രവാസിയായ ലുഖ്മാന് ഭവന നിർമാണത്തിനും ഭൂ വികസനത്തിനും 2022ൽ പഞ്ചായത്ത് അനുമതി നൽകിയിരുന്നു. ലുഖ്മാൻറെ സ്ഥലത്തിനു താഴെയുള്ള പഞ്ചായത്ത് റോഡ് കോൺക്രീറ്റ് ചെയ്തതാണ്.

ആസ്തി രജിസ്റ്റർ പ്രകാരം നാല് മീറ്റർ വീതിയുള്ള ഈ റോഡ് ഡ്രെയിനേജ് ഇല്ലാത്തതാണ്. എന്നിരിക്കെയാണ് ഡ്രെയിനേജ് മണ്ണിട്ട് മൂടിയെന്ന ആരോപണം. ബേബി ഉൾപ്പെടെ 20 പേർ ഒപ്പിട്ടു നൽകിയ നിവേദനത്തിൻറെ അടിസ്ഥാനത്തിൽ ഇവിടെ ഡ്രെയിനേജ് നിർമിക്കാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചു.

പ്രവൃത്തിക്ക് തൊഴിലുറപ്പ് പദ്ധതിയിൽ തുക വകയിരുത്തി. ഈ ഘട്ടത്തിലും ബേബി പഞ്ചായത്തിനെതിരേ കുപ്രചാരണം നടത്തി. റോഡ് നിർമാണത്തിനു ഉപയോഗപ്പെടുത്തേണ്ട തുകയാണ് ഡ്രെയിനേജ് നിർമാണത്തിനു വകയിരുത്തിയതെന്നാണ് ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചത്.

തൊഴിലുറപ്പ് ഫണ്ട് 10 ശതമാനം റോഡ് നിർമാണത്തിനും 30 ശതമാനം ഇതര പ്രവൃത്തികൾക്കും വിനിയോഗിക്കാൻ തടസമില്ല. എന്നിരിക്കേ ഡ്രെയിനേജ് നിർമാണത്തിനു തുക വകയിരുത്തിയതിൽ ക്രമക്കേടില്ല. തൊഴിലുറപ്പ് പദ്ധതി നടപടിക്രമങ്ങൾ പാലിക്കാതെയാണ് തുക വകയിരുത്തിയതെന്ന പരാതിയിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ അന്വേഷണം നടത്തുന്ന വേളയിൽ പഞ്ചായത്ത് പ്രസിഡൻറ് പുലഭ്യം വിളിച്ചതെന്ന ബേബിയുടെ ആരോപണത്തിൽ കാന്പില്ല.

സ്വകാര്യ ഭൂമിയിൽ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൻറെ അനുവാദമില്ലാതെ മണ്ണെടുപ്പ് നടന്നുവെന്ന ആരോപണവും ബേബി ഉന്നയിക്കുന്നുണ്ട്. മതിയായ അനുമതിയില്ലാതെ സ്വകാര്യ വ്യക്തി മണ്ണെടുപ്പ് നടത്തിയെങ്കിൽ അയാൾക്കെതിരേ നടപടി ഉണ്ടാകണമെന്നാണ് പഞ്ചായത്തിൻറെ അഭിപ്രായം. പഞ്ചായത്തിനെതിരേ നിരന്തരം കുപ്രചാരണം നടത്തുന്ന ബേബിക്കെതിരേ പ്രസിഡൻറ് എന്ന നിലയിൽ പോലീസിൽ പരാതി നൽകിയതായും ഷിബു പറഞ്ഞു.

## ആരോഗ്യ വിഭാഗം പരാജയം; ഭരണപക്ഷ കൗൺസിലർമാർ രംഗത്ത്

കാക്കനാട്: തൃക്കാക്കര നഗരസഭ ആരോഗ്യവിഭാഗം പരാജയമാണെന്ന് ഭരണപക്ഷ കൗൺസിലർമാർ. സർക്കാർ നിർദേശത്തെതുടർന്ന് മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൻറെ ഭാഗമായി ചേർന്ന കൗൺസിൽ യോഗത്തിലാണ് ഭരണപക്ഷത്തെ ഭിന്നത മറനീക്കി പുറത്തുവന്നത്.

മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കാൻ മാസ്റ്റർ പ്ലാൻ തയാറാക്കാനാത്തത് വീഴ്ചയാണെന്ന് ഭരണപക്ഷ കൗൺസിലർ റാഷിദ് ഉള്ളംപള്ളി പറഞ്ഞു. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്തത് തൃക്കാക്കരയിലാണെന്ന കാര്യം അദ്ദേഹം ഓർമിപ്പിച്ചു.ആരോഗ്യ വിഭാഗത്തിൻറെ കൈവശമുള്ള ഏഴ് വാഹനങ്ങൾ തകരാറിലാണന്നും രണ്ട് ആംബുലൻസും ഉപയോഗശൂന്യമാണെന്നും ആരോഗ്യ സ്ഥിരംസമിതി ചെയർമാൻ ഉണ്ണി കാക്കനാട് പറഞ്ഞതോടെ പ്രതിപക്ഷം ബഹളംവച്ചു.

18നും 19നും സന്നദ്ധ പ്രവർത്തകർ, ആശാ വർക്കർമാർ, റസിഡൻസ് അസോസിയേഷൻ എന്നിവരെ ഉൾപ്പെടുത്തി വാർഡുകളിൽ ശുചീകരണ പ്രവർത്തനങ്ങൾക്കായി സ്പെഷൽ ഡ്രൈവ് നടത്താൻ കൗൺസിൽ തീരുമാനിച്ചു.

## ഖത്തർ ജയിൽ മോചനം: 'കാരുണ്യ സെൽഫി' എടുത്ത് അമ്മമാർ

കോഴിക്കോട്: ഖത്തർ ജയിലിൽ തടവിൽ കഴിയുന്ന 600 ഓളം വരുന്ന ഇന്ത്യക്കാരുടെ മോചനം ലക്ഷ്യമിട്ട് ഇന്ത്യൻ പ്രവാസി മൂവ്മെൻറിൻറെ നേതൃത്വത്തിൽ 'കാരുണ്യസെൽഫി' സംഘടിപ്പിച്ചു.

എം.കെ. രാഘവൻ എംപി പരിപാടി ഉദ്ഘാടനം ചെയ്തു.ജയിൽ മോചനത്തിന് ഖത്തർ ഭരണാധികാരി ഷെയ്ക് തമീം ബിൻ ഹമദ് അൽതാനിയ്ക്ക് കത്ത് നൽകാനും ഖത്തറിലെ ഇന്ത്യൻ എംബസിക്ക് നിർദേശം നൽകാനും തീരുമാനിച്ചതായി എംപി പറഞ്ഞു. ഇന്ത്യൻ പ്രവാസി മൂവ്മെൻറ് കേന്ദ്ര കമ്മിറ്റി പ്രസിഡൻറ് ആർ.ജെ. സജിത്ത് അധ്യക്ഷത വഹിച്ചു.

ജയിലിൽ കഴിയുന്നവരുടെ അമ്മമാരും സഹോദരിമാരും കിഡ്സൺ കോർണറിൽ ഒരുക്കിയ പോയിൻറിൽ നിന്നും സെൽഫി എടുത്തു. കെപിസിസി ജനറൽ സെക്രട്ടറി അഡ്വ. പി.എം. നിയാസ്, ടി.പി. ദാസൻ, റാഫി പി. ദേവസ്യ, കെ. അജിത തുടങ്ങിയവർ പങ്കെടുത്തു.

# അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ് : സാധ്യമായ എല്ലാ വിദഗ്ധ ചികിത്സയും നൽകും

## പ്രദേശത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി

അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ് ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ചികിത്സയിലുള്ള കുട്ടിയ്ക്ക് സാധ്യമായ എല്ലാ വിദഗ്ധ ചികിത്സയും നൽകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഈ രോഗത്തിന് ഫലപ്രദമായ മരുന്നുകളില്ല. നേഗ്ലെറിയയ്ക്കെതിരെ ഫലപ്രദമെന്ന് കരുതുന്ന ഒരു കൂട്ടം മരുന്നുകളുടെ സംയുക്തം ഉപയോഗിച്ചാണ് ചികിത്സിക്കുന്നത്. മറ്റ് വിദേശ രാജ്യങ്ങളിലുൾപ്പെടെ മരുന്ന് കിട്ടാനുള്ള സാധ്യതയും തേടുന്നുണ്ട്. രോഗം റിപ്പോർട്ട് ചെയ്ത പ്രദേശത്ത് ആരോഗ്യ വകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കിയിട്ടുണ്ട്. ആർക്കെങ്കിലും രോഗലക്ഷണങ്ങൾ കണ്ടാൽ വിദഗ്ധ ചികിത്സ ഉറപ്പാക്കാനും ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്. പ്രദേശത്ത് ബോധവത്കരണം ഉൾപ്പടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതായും മന്ത്രി പറഞ്ഞു.മലപ്പുറം മൂന്നിയൂർ പഞ്ചായത്തിലെ 5 വയസുകാരനാണ് രോഗം സ്ഥിരീകരിച്ചത്. ഈ മാസം ഒന്നാം തീയതി കുട്ടി ബന്ധുക്കളോടോപ്പം വീടിന് സമീപത്തെ പുഴയിൽ കുളിച്ചിരുന്നു. പത്താം തീയതി പനിയും തലവേദനയും ഛർദിയും ഉണ്ടായതിനെ തുടർന്ന് വീടിനടുത്തുള്ള ശിശു രോഗ വിദഗ്ധനെ കാണിച്ചു. പന്ത്രണ്ടാം തീയതി രണ്ടു തവണ ഛർദി, തലചുറ്റൽ എന്നിവ ഉണ്ടായതിനാൽ ചേളാരിയിലെ സ്വകാര്യ ആസ്പത്രിയിലും തുടർന്ന് കോഴിക്കോട് സ്വകാര്യ ആസ്പത്രിയിലും കാണിച്ചു. അന്നേദിവസം തന്നെ രോഗിയെ കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച് വിദഗ്ധ ചികിത്സ നൽകി വരുന്നു. കുട്ടിയോടൊപ്പം പുഴയിൽ കുളിച്ച ബന്ധുക്കളായ ആൾക്കാർ നിരീക്ഷണത്തിലാണ്.

**എന്താണ് അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസ്?**

പതിനായിരത്തിൽ ഒരാൾക്ക് ബാധിക്കുന്ന രോഗമാണ് അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്. അതിനാൽ തന്നെ ആശങ്ക വേണ്ട. നേഗ്ലെറിയ ഫൗലേറി എന്ന അമീബ വിഭാഗത്തിൽപ്പെട്ട രോഗാണു തലച്ചോറിനെ ബാധിക്കുമ്പോഴാണ് രോഗം ഉണ്ടാകുന്നത്. ഈ രോഗം മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് പകരില്ല. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ജീവിക്കുന്ന അമീബ മൂക്കിലെ നേർത്ത തൊലിയിലൂടെ മനുഷ്യശരീരത്തിൽ കടക്കുകയും തലച്ചോറിനെ ഗുരുതരമായി ബാധിക്കുന്ന മസ്തിഷ്കജ്വരം ഉണ്ടാക്കുകയുമാണ് ചെയ്യുന്നത്. ജലത്തിൽ സ്വതന്ത്രമായി ജീവിക്കുന്ന അമീബ ഒഴുക്കില്ലാത്ത ജലാശയങ്ങളിലാണ് പൊതുവേ കാണുന്നത്. നീർച്ചാലിലോ കുളത്തിലോ കുളിക്കുന്നത് വഴി അമീബ വിഭാഗത്തിൽപ്പെട്ട രോഗാണുക്കൾ മൂക്കിലെ നേർത്ത തൊലിയിലൂടെ മനുഷ്യന്റെ ശരീരത്തിൽ കടക്കുകയും തലച്ചോറിനെ ഗുരുതരമായി ബാധിക്കുകയും എൻസെഫലൈറ്റിസ് ഉണ്ടാക്കാനിടയാക്കുകയും ചെയ്യുന്നു.

**രോഗ ലക്ഷണങ്ങൾ**

രോഗാണുബാധ ഉണ്ടായി ഒന്ന് മുതൽ ഒൻപത് ദിവസങ്ങൾക്കുള്ളിലാണ് രോഗലക്ഷണങ്ങൾ ഉണ്ടാകുന്നത്. തീവ്രമായ തലവേദന, പനി, ഓക്കാനം, ഛർദി, കഴുത്ത് തിരിക്കാൻ ബുദ്ധിമുട്ട് തുടങ്ങിയവയാണ് പ്രാഥമിക ലക്ഷണങ്ങൾ. പിന്നീട് ഗുരുതരാവസ്ഥയിൽ എത്തുമ്പോൾ അപസ്മാരം, ബോധക്ഷയം, ഓർമക്കുറവ് തുടങ്ങിയ ലക്ഷണങ്ങളും ഉണ്ടാവുന്നു. നട്ടെല്ലിൽ നിന്നും സ്രവം കുത്തിയെടുത്ത് പരിശോധിക്കുന്നത് വഴിയാണ് രോഗനിർണയം നടത്തുന്നത്.

**പ്രതിരോധ നടപടികൾ**

കെട്ടിക്കിടക്കുന്നതോ വൃത്തിയില്ലാത്തതോ ആയ വെള്ളത്തിൽ കുളിക്കുക, മൂക്കിലൂടെ വെള്ളമൊഴിക്കുക തുടങ്ങിയവയിലൂടെയാണ് അമീബ ശരീരത്തിലെത്തുക. ഇക്കാര്യങ്ങൾ ഒഴിവാക്കുക. രോഗലക്ഷണങ്ങൾ കണ്ടാൽ എത്രയും വേഗം ഡോക്ടറെ കാണുക. സ്കൂൾ അവധിയായതിനാൽ കുട്ടികൾ നീന്തൽ കുളത്തിൽ ഇറങ്ങുന്നതും വെള്ളത്തിൽ കളിക്കുന്നതും വ്യാപകമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ വേണം. ശരിയായ രീതിയിൽ ക്ലോറിനേറ്റ് ചെയ്ത നീന്തൽ കുളങ്ങളിൽ കുട്ടികൾ കുളിക്കുന്നത് കൊണ്ട് പ്രശ്നമില്ല.

# പൊന്തൻപുഴ പട്ടയ സമരം ഏഴാം വർഷത്തിലേക്ക്

പെരുന്പെട്ടി: പെരുമ്പെട്ടി, മണിമല വില്ലേജുകളിലെ 1180 കർഷക കുടുംബങ്ങളുടെ പട്ടയാവകാശം നേടുന്നതിന് 2018ൽ ആരംഭിച്ച പൊന്തൻപുഴ സമരം ഏഴാം വർഷത്തിലേക്ക്. ആലപ്ര വലിയകാവ് വനങ്ങൾ സംരക്ഷിച്ചുകൊണ്ട് അതിനു പുറത്തു വസിക്കുന്ന കർഷകർക്ക് പട്ടയം അനുവദിക്കണമെന്ന ആവശ്യവുമായാണ് കർഷകർ പ്രത്യക്ഷ സമരരംഗത്തേക്കു കടന്നത്. പതിറ്റാണ്ടുകൾക്കു മുന്പേ താമസമാക്കിയ കർഷകരുടെ ഭൂമിക്ക് പട്ടയം നൽകാത്തതിനെതിരേ പ്രത്യക്ഷ സമരപരിപാടികളുമായി പ്രദേശവാസികൾ രംഗത്തുവരികയായിരുന്നു. വനസംരക്ഷണത്തെയും ഭൂമിക്കായുള്ള ആവശ്യത്തെയും ബന്ധിപ്പിച്ചുകൊണ്ട് നടക്കുന്ന കേരളത്തിലെ ആദ്യത്തെ ജനകീയ പ്രക്ഷോഭമെന്നതാണ് പൊന്തൻപുഴ സമരത്തിൻറെ സവിശേഷത.

1907ലെ വന വിജ്ഞാപനം അനുസരിച്ച് ആലപ്ര റിസർവിന് പുറത്താണ് മണിമല വില്ലേജിലെ കർഷകരുടെ ഭൂമി. 1958ലെ വിജ്ഞാപനം അനുസരിച്ചു പെരുമ്പെട്ടിയിലെ കർഷകരുടെ ഭൂമി വലിയകാവ് വനാതിർത്തിക്കു പുറത്താണ്. ഇതേവരെ നടന്ന റീ സർവേകളിലും 2019 ൽ സമരസമിതിയുടെ ആവശ്യം പരിഗണിച്ചു നടത്തിയ റവന്യൂ വനം വകുപ്പുകളുടെ സംയുക്ത പരിശോധനയിലും കർഷകരുടെ ഭൂമി വനപരിധിക്കു പുറത്താണെന്ന് തെളിഞ്ഞിരുന്നു. എന്നിട്ടും, ചില ഉന്നതോദ്യോഗസ്ഥരുടെ പിടിവാശി മൂലം പട്ടയവിതരണം തടസപ്പെട്ടു.

ഡിജിറ്റൽ സർവേയിൽ പെരുമ്പെട്ടി, മണിമല വില്ലേജുകൾക്ക് മുൻഗണന നൽകി പ്രശ്നപരിഹാരം ഉണ്ടാക്കാനാണ് റവന്യൂ വകുപ്പ് ശ്രമിച്ചുവരുന്നത്.

കേന്ദ്രാനുമതിയോടെ കൈയേറ്റഭൂമി പതിച്ചു നൽകൽ എന്ന വിധം പട്ടയം നൽകാമെന്ന വനം വകുപ്പിൻറെ വാഗ്ദാനം പ്രദേശവാസികൾ തള്ളിക്കളഞ്ഞിരിക്കുകയാണ്. 1964ലെ കേരള ഭൂമി പതിവ് നിയമം അനുസരിച്ചുള്ള റവന്യൂ പട്ടയമാണ് കർഷകരുടെ അവകാശം സമരസമിതി ചൂണ്ടിക്കാണിക്കുന്നു.

സമരത്തിൻറെ ആറാമത് വാർഷിക സമ്മേളനം പെരുമ്പെട്ടിയിലുള്ള സമരപ്പന്തലിൽ തീർത്ത ദാനിയേൽ തൈയീട്ടിക്കൽ സ്മൃതി മണ്ഡപത്തിൽ ജനകീയ പ്രവർത്തകൻ വി. പി. കൊച്ചുമോൻ ഉദ്ഘാടനം ചെയ്തു. ജയിംസ് കണ്ണിമല ഡിജിറ്റൽ സർവേ സംബന്ധിച്ച വിശദീകരണം നൽകി. സമരസമിതി കൺവീനർ സന്തോഷ് പെരുമ്പെട്ടി പ്രസംഗിച്ചു.

# ഹരിതം അരണ്യകം പദ്ധതിയിൽ 52 ടൺ മാലിന്യങ്ങൾ സംസ്കരിച്ചു

റാന്നി: മാർ ക്രിസോസ്റ്റം ഫൗണ്ടേഷൻ റാന്നി ചാപ്റ്ററിൻറെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന 'ഹരിതം അരണ്യകം' പദ്ധതിയുടെ ഭാഗമായി കനകപ്പലംവെച്ചൂച്ചിറ റോഡിൻറെ സൗന്ദര്യവത്കരണ പരിപാടിയോടനുബന്ധിച്ച് കഴിഞ്ഞ ആറ് ദിവസങ്ങളിലായി 52 ടൺ മാലിന്യങ്ങൾ സംഭരിച്ച് സംസ്കരിച്ചു. കനകപ്പലം മുതൽ നെടുങ്കാവുവയൽ വരെയുള്ള 2.5 കിലോമീറ്റർ വനപാതയുടെ ഇരുവശങ്ങളിൽനിന്നുമാണ് വർഷങ്ങളായി കൂടിക്കിടന്ന മാലിന്യങ്ങൾ നീക്കം ചെയ്തത്.

പഞ്ചായത്ത് അധികൃതരുടെയും സർക്കാരിൻറെയും അനാസ്ഥയാണ് മാലിന്യ കൂമ്പാരങ്ങൾ രൂപപ്പെടുന്നതിന് കാരണമായതെന്ന് മാർ ക്രിസോസ്റ്റം ഫൗണ്ടേഷൻ പ്രവർത്തകർ പറഞ്ഞു. കർശനമായ നടപടികൾ സ്വീകരിക്കാത്തതും രാഷ്ട്രീയ ഇടപെടലുകളും മാലിന്യ നിക്ഷേപകർക്ക് അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുകയാണ്. മദ്യക്കുപ്പികൾ, ആശുപത്രികൾ, ലാബ് മാലിന്യങ്ങൾ, കെട്ടിടനിർമാണ അവശിഷ്ടങ്ങൾ, മാർക്കറ്റ് മാലിന്യങ്ങൾ, മത്സ്യം കച്ചവടക്കാർ തള്ളുന്ന മാലിന്യങ്ങൾ, ഗാർഹിക മാലിന്യങ്ങൾ എന്നിവയായിരുന്നു ഏറിയപങ്കും. രണ്ട് ലോറികൾ നിറയെ മദ്യക്കുപ്പികളുമാണ് ഇവിടെനിന്നും ശേഖരിച്ചത്.

വെച്ചൂച്ചിറ, എരുമേലി ഭാഗങ്ങളിൽനിന്നാണ് ഇവ നിക്ഷേപിച്ചിരിക്കുന്നതെന്ന് കെട്ടുകളിൽനിന്നും ലഭിച്ച രേഖകളിൽനിന്നും വ്യക്തമാണ്. തങ്ങൾക്ക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന ആവശ്യമായ നടപടികൾ ഒന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ലെന്നും മാലിന്യ നിക്ഷേപ ഉപകരണം സ്ഥാപിക്കാനായി നേതാക്കൾ തങ്ങളിൽനിന്നും പണപ്പിരിവ് നടത്തിയിട്ടു നാളുകളായെന്നും നാട്ടുകാർ പരാതിപ്പെട്ടു.

പ്ലാച്ചേരി ഫോറസ്റ്റ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരും കനകപ്പലം സോഷ്യൽ ഫോറസ്ട്രി ഉദ്യോഗസ്ഥരും എരുമേലി വികസന സമിതിയും റാന്നി സെൻറ് തോമസ് കോളജ്, നെടുങ്കാവുവയൽ ഐടിഐ, കുന്നം മാർത്തോമ്മാ ഹയർ സെക്കൻഡറി സ്കൂൾ, കനകപ്പലം മാർത്തോമ്മാ ചർച്ച്, കനകപ്പലം എടിഎൽപി സ്കൂൾ, വെച്ചൂച്ചിറ കോളനി ഗവ. ഹയർ സെക്കൻഡറി സ്കൂൾ, കെസിസി വെച്ചൂച്ചിറ മേഖല കമ്മിറ്റി, എൻഎംഎൽപി സ്കൂൾ, റാന്നി മാർത്തോമ്മാ മെഡിക്കൽ മിഷൻ, വിപാസ്, നെടുങ്കാവുവയൽ ക്ലബ്, കനകപ്പലം മാർത്തോമ്മാ യുവജനസഖ്യം എന്നിവരുടെ സഹകരണത്തോടെയാണ് മാർ ക്രിസോസ്റ്റം ഫൗണ്ടേഷൻ മാലിന്യനിർമാർജനയജ്ഞം നടപ്പാക്കിയത്.

അടുത്ത ഘട്ടത്തിൽ കാമറകളും സ്ഥിരം മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിക്കും. ഇവയുടെ മോണിറ്ററിംഗ് ചുമതല വനം വകുപ്പും മാർ ക്രിസോസ്റ്റം ഫൗണ്ടേഷൻ പ്രവർത്തകരും ഏറ്റെടുക്കും. പരിസരവാസികളായ യുവജനങ്ങളെ ഉൾപ്പെടുത്തി പ്രാദേശിക വിജിലൻസ് ടീമിനെയും രൂപികരിക്കും.

കുറ്റകൃത്യം ശ്രദ്ധയിൽ പെട്ടാൽ ശക്തമായ കേസെടുക്കുമെന്നു വനം വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു.

ശുചീകരണ പ്രവർത്തനങ്ങൾക്ക് മാർ ക്രിസോസ്റ്റം ഫൗണ്ടേഷൻ റാന്നി ചാപ്റ്റർ ഭാരവാഹികളായ ടി. കെ. സാജു, ജോൺ സാമുവേൽ, ജോൺ വി. തോമസ്, പ്രഫ. മേജർ എം. ജി. വർഗീസ്, ഐസക് വർഗീസ്, സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഓഫീസർ ആർ. ഹരികുമാർ, ഡെപ്യൂട്ടി റേഞ്ച് ഓഫീസർ സനൽ രാജ്, എരുമേലി ഡവലപ്മെൻറ് കൗൺസിൽ പ്രസിഡൻറ് ബാബു തോമസ്, കൊച്ചുമോൻ പ്രസാദ് എന്നിവർ നേതൃത്വം നൽകി.

മണ്ണുമാന്തി യന്ത്രം, ടിപ്പർ ലോറികൾ, എരുമേലി ഗ്രാമപഞ്ചായത്ത് നൽകിയ ലോറി എന്നിവയുടെ സഹായത്തോടെ നടന്ന സേവന പ്രവർത്തനങ്ങൾ ആറു ദിവസങ്ങൾ കൊണ്ടാണ് പൂർത്തിയായത്. ശുചീകരണ പ്രവർത്തനങ്ങൾക്ക് ഏകദേശം ഒരു ലക്ഷത്തോളം രൂപയാണ് ചെലവായതെന്ന് മാർ ക്രിസോസ്റ്റം ഫൗണ്ടേഷൻ പ്രസിഡൻറ് റെജി കൊപ്പാറയും ജനറൽ സെക്രട്ടറി റവ. തോമസ് കോശി പനച്ചമൂട്ടിലും അറിയിച്ചു. ജൂൺ മാസത്തിൽ കനകപ്പലം മുതൽ വെച്ചൂച്ചിറ വരെയുള്ള പാതയോരങ്ങളിൽ പൂച്ചെടികൾ നട്ടുപിടിപ്പിക്കും.

## നിഷ്ലെ വിവിധ കോഴ്സുകളിലേക്ക് ജൂൺ 14വരെ അപേക്ഷിക്കാം

റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്ങ് (നിഷ്) സംഘടിപ്പിക്കുന്ന ഡിപ്ലോമ ഇൻ ഏർളി ചൈൽഡ്ഹുഡ് സ്പെഷ്യൽ എജ്യുക്കേഷൻ (HI) (DECSE-HI), ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വേജ് ഇന്റർപ്രെട്ടിംഗ് (DISLI) ഡിപ്ലോമ ഇൻ ടീച്ചിംഗ് ഇന്ത്യൻ സൈൻ ലാംഗ്വേജ്(ഉഠകടഘ)) കോഴ്സുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.

50 ശതമാനം മാർക്കോടെ പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ വിജയം ആണ് കോഴ്സുകളുടെ അടിസ്ഥാന യോഗ്യത. ഡിപ്ലോമ ഇൻ ടീച്ചിങ് ഇന്ത്യൻ സൈൻ ലാംഗ്വേജ്(DTISL)) കോഴ്സിലേക്ക് കേൾവിക്കുറവുള്ളവർക്ക് മാത്രമേ അപേക്ഷിക്കാനാകൂ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 13. വിശദവിവരങ്ങൾക്കും അപേക്ഷാഫോമിനും http://admissions.nish.ac.in സന്ദർശിക്കുക.

## ഇടിമിന്നലിനുസാധ്യതയുണ്ട്; ജാഗ്രതവേണം: ജില്ലാ കളക്ടർ

കൊല്ലം: മഴയ്ക്കൊപ്പം ഇടിമിന്നലിനും 17 വരെ കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പുള്ള പശ്ചാത്തലത്തിൽ എല്ലാവരും ജാഗ്രത പാലിക്കണമെന്ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ എൻ. ദേവിദാസ് മുന്നറിയിപ്പ് നൽകി. കാർമേഘം കണ്ട് തുടങ്ങുമ്പോൾ തന്നെ മുൻകരുതലെന്ന നിലയ്ക്ക് കെട്ടിടത്തനുള്ളിലേക്ക് മാറുന്നതാണ് നല്ലത്. തുറസായ സ്ഥലങ്ങളിൽ തുടരരുത്. ഇടിമിന്നൽ തുടങ്ങിയാൽ ജനലും വാതിലും അടച്ചിടണം.

വാതിലിനും ജനലിനും അടുത്ത് പോകരുത്. പരമാവധി ഭിത്തിയിലോ തറയിലോ സ്പർശിക്കാതിരിക്കുകയാണ് ഉചിതം.

ഗൃഹോപകരണങ്ങളുടെ വൈദ്യുതിബന്ധം വിഛേദിക്കുകയും സാമീപ്യം ഒഴിവാക്കുകയും വേണം. ടെലഫോണും ഉപയോഗിക്കരുത്. മൊബൈൽ ഫോൺ ഉപയോഗിക്കാം. തുറസായസ്ഥലത്തും ടെറസിലും, കുട്ടികളെ വിടരുത്. വൃക്ഷങ്ങളുടെ ചുവട്ടിൽ നിൽക്കരുത്, വാഹനങ്ങളുമിടരുത്.

ഇടിമിന്നലുള്ളപ്പോൾ കുളിക്കരുത്. ജലാശയത്തിലേക്കും പോകരുത്. മത്സ്യബന്ധനം, ബോട്ടിങ് എന്നിവയും പാടില്ല. ചൂണ്ടയിടുന്നതും വലയെറിയുന്നതും അപകടമാണ്. പട്ടം പറത്തുകയുമരുത്. വളർത്തുമൃഗങ്ങളെ തുറസായ സ്ഥലത്ത് കെട്ടരുത്. സുരക്ഷയ്ക്കായി കെട്ടിടങ്ങൾക്കു മുകളിൽ മിന്നൽ രക്ഷാ ചാലകം സ്ഥാപിക്കണം. വൈദ്യുതോപകരണങ്ങളുടെ സുരക്ഷയ്ക്കായി സർജ് പ്രൊട്ടക്ടർ പ്രയോജനപ്പെടും. മിന്നലേറ്റവർക്ക് പ്രഥമ ശുശ്രൂഷ നൽകാൻ മടിക്കരുത്. ആദ്യ മുപ്പത് സെക്കൻഡ് നിർണായകമാണ്. ഉടൻ വൈദ്യ സഹായം എത്തിക്കാനും ശ്രദ്ധിക്കണം എന്ന് അറിയിച്ചു.

## പന്തളത്ത് അനധികൃത നിർമാണങ്ങൾ പൊളിച്ചുനീക്കി

പന്തളം: പന്തളം മാർക്കറ്റ് റോഡിൽ മാലിന്യ സംസ്കരണ പ്ലാൻറിലേക്ക് പോകുന്ന വഴിയിൽ അനധികൃതമായി പണിത ഇരുനിലക്കെട്ടിടം ഉൾപ്പെടെ അനധികൃത നിർമാണങ്ങൾ നഗരസഭാ അധികൃതർ പൊളിച്ചു നീക്കി.

ഇന്നലെ രാവിലെ 9.30ഓടെ ജെസിബി ഉപയോഗിച്ച് നഗരസഭാധ്യക്ഷ സുശീല സന്തോഷിൻറെ നേതൃത്വത്തിൽ, കൗൺസിലർമാരുടെയും ഉദ്യോഗസ്ഥരുടെയും പന്തളം പോലീസിൻറെയും സാന്നിധ്യത്തിലാണ് പൊളിച്ചു നീക്കൽ നടന്നത്.

താലൂക്ക് സർവേയർ അനധികൃത കൈയേറ്റം അളന്നു തിരിച്ചതിൻറെ അടിസ്ഥാനത്തിൽ നഗരസഭാ അധികൃതർ സ്റ്റോപ്പ് മെമ്മൊ നൽകുകയും പിന്നീട് നാലു തവണ നോട്ടിസ് നൽകി ഹിയറിംഗ് നടത്തുകയും ചെയ്തിട്ടും നിർമാണം പൊളിച്ചു നീക്കാത്തതിനാലാണ് നടപടി ഉണ്ടായത്.

നഗരസഭാ സെക്രട്ടറി ഇ. ബി. അനിത, എഇ എസ്. രാധിക, ആർ. ഐ. വിജയകുമാർ, പന്തളം എസ്എച്ച്ഒ പ്രജീഷ് ശശി, എസ്ഐ ആശിഷ് എന്നിവരും പന്തളം മുൻസിപ്പൽ ചെയർപേഴ്സൺ സുശീലാ സന്തോഷ്, വൈസ് ചെയർപേഴ്സൺ യു. രമ്യ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാരായ ബെന്നി മാത്യു, രാധാ വിജയകുമാർ, കൗൺസിലർമാരായ സൂര്യ എസ്. നായർ, മഞ്ജുഷ സുമേഷ്, ശ്രീലേഖ, പുഷ്പലത, ശ്രീദേവിയമ്മ എന്നിവരും സ്ഥലത്തുണ്ടായിരുന്നു.

## റെയിൽവേയുടെ ദ്രോഹം വീണ്ടും; മാവേലിയിലെ ജനറൽ കോച്ച് കുറച്ചു; പകരം ഒരു സ്ലീപ്പർ കൂടി

കോഴിക്കോട്: തിരുവനന്തപുരം മുതൽ മംഗലാപുരം വരെ ദിവസേന സർവീസ് നടത്തുന്ന മാവേലി എക്സ്പ്രസിൽ ഇന്നു മുതൽ ഒരു ജനറൽ കോച്ച് റെയിൽവേ വെട്ടിക്കുറച്ചു. പകരം ഒരു സ്ലീപ്പർ കോച്ച് കൂടുതലായി അനുവദിച്ചിട്ടുണ്ട്.

ഇപ്പോൾ തന്നെ സൂചികുത്താനിടമില്ലാത്ത വിധം തിങ്ങി നിറഞ്ഞ് ശ്വാസം മുട്ടിയാണ് യാത്രക്കാർ മാവേലിയിലെ ജനറൽ കോച്ചുകളിൽ യാത്ര ചെയ്യുന്നത്. ഒരു ജനറൽ കോച്ചിൽതന്നെ അഞ്ഞൂറോളം പേരാണ് യാത്ര ചെയ്യുന്നത്. ജനറൽ കോച്ച് ഒരെണ്ണം വെട്ടിക്കുറയ്ക്കുന്നത് യാത്ര കൂടുതൽ ദുരിതത്തിലാക്കും.

ഒരു സ്ലീപ്പർ കോച്ചിൽ 72 യാത്രക്കാർ വരെയാണ് ഉണ്ടാവുക. എന്നാൽ ജനറൽ കോച്ചുകളിൽ അതിൻറെ ആറും ഏഴും ഇരട്ടി യാത്രക്കാരാണ് ഉണ്ടാവുക. വേനലവധിയായതിനാൽ ട്രെയിനുകളിലെല്ലാം നല്ല തിരക്കാണ്. ബുക്കു ചെയ്യാൻ ശ്രമിച്ചാലും ഈ റൂട്ടിൽ സീറ്റു കിട്ടാത്ത അവസ്ഥയാണ് ഉള്ളത്. അതിനാൽ തന്നെ ജനറൽ കോച്ചുകളിൽ അസാധാരണ തിരക്കാണ് അനുഭവപ്പെടുന്നത്.

ഈ അവസ്ഥയിൽ ജനറൽ കോച്ച് വെട്ടിക്കുറയ്ക്കാനുള്ള തീരുമാനം റെയിൽവേ പിൻവലിക്കണമെന്നാണ് യാത്രക്കാർ ആവശ്യപ്പെടുന്നത്. ജനറൽ കോച്ചുകൾ വെട്ടിക്കുറച്ച് യാത്രാദുരിതം വർധിപ്പിക്കുന്ന റെയിൽവേ ഉന്നതരുടെ നടപടിയിൽ വ്യാപക പ്രതിഷേധം ഉയർന്നിട്ടുണ്ട്.

## കെ.ജി.റ്റി.ഇ. ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജി കോഴസുകൾക്ക് അപേക്ഷിക്കാം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ് ആൻഡ് ട്രെയിനിങ്ങും (സി ആപ്റ്റ്) സംയുക്തമായി ആരംഭിക്കുന്ന കേരള ഗവൺമെന്റ് അംഗീകാരമുള്ള ഒരു വർഷ കെ.ജി.റ്റി.ഇ. പ്രീപ്രസ് ഓപ്പറേഷൻ, പ്രസ് വർക്ക്, പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആൻഡ് ഫിനീഷിംഗ് 2024 2025 അധ്യയന വർഷം ആരംഭിക്കുന്ന കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ എസ്.എസ്.എൽ.സി പാസായിരിക്കണം.

പട്ടികജാതി/പട്ടികവർഗ/മറ്റർഹ വിഭാഗങ്ങൾക്ക് നിയമാനുസൃത ഫീസ് ആനുകുല്യം ലഭിക്കും. ഒ.ബി.സി/എസ്.ഇ.ബി.സി മറ്റ് മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാനപരിധിക്കു വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും. അപേക്ഷാഫോം, പ്രോസ്പെക്ടസ് എന്നിവ സെന്ററിന്റെ പരിശീലന വിഭാഗത്തിൽ നിന്ന് 100 രൂപയ്ക്ക് നേരിട്ടും, 135 രൂപയുടെ മണിഓർഡറായി ഓഫീസർ ഇൻ ചാർജ്, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്, ഗവ.എൽ.പി സ്കൂൾ കാമ്പസ്, തോട്ടക്കാട്ടുകര പി.ഒ, ആലുവ 683108 എന്ന വിലാസത്തിൽ അയച്ചാൽ തപാൽ മാർഗവും ലഭ്യമാകും. വിശദവിവരങ്ങൾ പരിശീലന വിഭാഗത്തിലെ (04842605322, 9605022555) എന്നീ ഫോൺ നമ്പറുകളിൽ ലഭ്യമാകും. പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തീയതി മെയ് 24.

## എം. എസ്. എം. ഇകൾക്ക് ത്രിദിന വർക്ഷോപ്പ്

സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED), 3 ദിവസത്തെ 'ഡിജിറ്റൽ മാർക്കറ്റിംഗ് ബിസിനസ് ഓട്ടോമേഷൻ ടു സോഷ്യൽ മീഡിയ ഇന്റഗ്രേഷൻ' എന്ന വർക്ഷോപ്പ് സംഘടിപ്പിക്കുന്നു. മേയ് 22 മുതൽ 24 വരെ കളമശേരിയിലെ ഗകഋഉ ക്യാമ്പസിലാണ് പരിശീലനം. എം.എസ്.എം.ഇ മേഖലയിലെ സംരംഭകർ/ എക്സിക്യൂട്ടീവ്സ് എന്നിവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം.

ഡിജിറ്റൽ പ്രമോഷനുകൾ, ഇമെസേജിങ് മാനേജ്മെന്റ്, ഫേസ്ബുക്ക് ഓട്ടോമേഷൻ, ഇൻസ്റ്റഗ്രാം അനലിറ്റിക്സ്, മീഡിയ പ്രമോഷനുകളും പ്രൊഡക്ഷനുകളും, ബിസിനസ് ഓട്ടോമേഷൻ, പരമ്പരാഗത വിപണികളിൽ ഡിജിറ്റൽ മാർക്കറ്റിങ്ങിന്റെ സ്വാധീനം പ്രാക്ടിക്കൽ സെഷനുകൾ തുടങ്ങിയ നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2950 രൂപയാണ് 3 ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ് ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ഏടഠ ഉൾപ്പെടെ). താമസം ആവശ്യമില്ലാത്തവർക്ക് 1200 രൂപയാണ് 3 ദിവസത്തെ പരിശീലനത്തിന്റെ ഫീസ്, പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് 1800 രൂപ താമസം ഉൾപ്പെടെയും 800 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്. പരിശീലനത്തിനായി. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓൺലൈനായി http://kied.infot/r-a-ining-calender/ ൽ മേയ് 18 ന് മുമ്പ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന 30 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 04842532890, 04842550322, 9188922800.

## ശസ്ത്രക്രിയ പിഴവ്: അസോസിയേറ്റ് പ്രൊഫസറെ സസ്പെൻഡ് ചെയ്തു

കോഴിക്കോട് മെഡിക്കൽ കോളേജ് മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ നാല് വയസുകാരിയെ ശസ്ത്രക്രിയ ചെയ്തതിൽ പിഴവ് സംഭവിച്ചെന്ന പരാതിയിൽ അസോസിയേറ്റ് പ്രൊഫസർ ഡോ. ബിജോൺ ജോൺസണെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. സംഭവത്തെപ്പറ്റി അടിയന്തരമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിലാണ് നടപടി. വിശദമായ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കാനും മന്ത്രി നിർദേശം നൽകി. ആശുപത്രികൾ പ്രോട്ടോകോളുകൾ കൃത്യമായി പാലിക്കാൻ മന്ത്രി കർശന നിർദേശം നൽകി.

## ഭ്രൂണഹത്യ അരുതേ: പ്രൊ ലൈഫ് അപ്പോസ്തലേറ്റ് ബോധവത്ക്കരണ കാമ്പയിന് തുടക്കമായി

കാഞ്ഞിരപ്പള്ളി: ഉദരത്തിലെ കുഞ്ഞിന് ജനിക്കാനുള്ള അവകാശം നിഷേധിക്കരുത്, ഭ്രൂണഹത്യ അരുതേ തുടങ്ങിയ ജീവൻ സംരക്ഷണ സന്ദേശബോധവത്കരണ പ്രവർത്തനങ്ങൾക്ക് സീറോ മലബാർ സഭയുടെ പ്രൊ ലൈഫ് അപ്പോസ്തലേറ്റ് തുടക്കം കുറിച്ചു. ഉദരത്തിൽ വളരുമ്പോഴും വളർന്നതുശേഷവും കുഞ്ഞുങ്ങൾ കൊല്ലപ്പെടുന്ന സംഭവങ്ങൾ വർധിച്ച സാഹചര്യത്തിൽ ഈ കാമ്പയിൻറെ പ്രസക്തി വർധിക്കുന്നുവെന്ന് പ്രൊ ലൈഫ് ചൂണ്ടി കാട്ടുന്നു.

കാഞ്ഞിരപ്പള്ളിയിൽ നടന്ന വലിയ കുടുംബങ്ങളുടെ സമ്മേളനത്തിൽ പ്രൊ ലൈഫ് അപ്പോസ്തലേറ്റിൻറെയും കെസിബിസി പ്രൊ ലൈഫ് സമിതിയുടെയും വൈസ് ചെയർമാൻ മാർ ജോസ് പുളിക്കൽ സീറോ മലബാർ സഭയുടെ കുടുംബപ്രേക്ഷിത വിഭാഗം സെക്രട്ടറി ഫാ. മാത്യു ഓലിക്കലിനും കാഞ്ഞിരപ്പള്ളി രൂപത പ്രൊ ലൈഫ് സമിതി പ്രസിഡൻറ് ജോസുകുട്ടി മേച്ചേരിതകിടിക്കും പോസ്റ്ററുകൾ കൈമാറി പ്രകാശനം ചെയ്തു.

ജനിക്കാനും ജീവിക്കാനുമുള്ള ഒരോ കുഞ്ഞിൻറെയും അവകാശം സംരക്ഷിക്കപ്പെടണമെന്ന് മാർ ജോസ് പുളിക്കൽ പറഞ്ഞു. മനുഷ്യജീവൻറെ സംരക്ഷണത്തിനുവേണ്ടി സമൂഹത്തിലെ എല്ലാ വിഭാഗം മനുഷ്യരും പ്രസ്ഥാനങ്ങളും ഒരുമിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

പ്രൊ ലൈഫ് അപ്പോസ്തലേറ്റ് സെക്രട്ടറി സാബു ജോസ് മുഖ്യപ്രഭാഷണം നടത്തി. മാതൃവേദി ആനിമേറ്റർ സിസ്റ്റർ ജ്യോതി മരിയ, ബ്രദർ എബ്രഹാം ചക്കാലയ്ക്കൽ, രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## അടിമുടി മാറാൻ ചങ്ങനാശേരി മാർക്കറ്റ്പൈ; തൃകവും പ്രൗഢിയും നിലനിർത്താൻ മൂന്നുകോടിയുടെ പദ്ധതി

ചങ്ങനാശേരി: പൈതൃകവും പ്രൗഢിയും ഒട്ടും നഷ്ടപ്പെടാതെ അടിമുടി മാറാനൊരുങ്ങി ചങ്ങനാശേരി മാർക്കറ്റ്. ഇതിൻറെ പ്രാരംഭ നടപടി എന്ന നിലയിൽ എംഎൽഎയും മുൻസിപ്പൽ അധികാരികളും ഉദ്യോഗസ്ഥരും മാർക്കറ്റും പരിസര പ്രദേശങ്ങളും സന്ദർശിച്ചു. മാർക്കറ്റ് പൈതൃകമായി നിലനിർത്തി നവീകരിക്കുന്നതിന് ബജറ്റിൽ മൂന്നുകോടി രൂപ അഡ്വ. ജോബ് മൈക്കിൾ എംഎൽഎ വകയിരുത്തിയിരുന്നു. ഇതിൻറെ ഭാഗമായുള്ള ആലോചനായോഗവും സ്ഥലസന്ദർശനവുമാണ് എംഎൽഎയുടെ നേതൃത്വത്തിൽ നടന്നത്.

മാർക്കറ്റ് പ്രദേശത്ത് വേനൽക്കാലത്തും മഴക്കാലത്തും സുഗമമായി വ്യാപാരം നടത്തുന്നതിന് സഹായിക്കുന്ന തരത്തിലുള്ള റൂഫിംഗ് സൗകര്യം ഒരുക്കുക, മാർക്കറ്റിൻറെ തനതായ പൈതൃകം നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കുക എന്നിവയാണ് ലക്ഷ്യമാക്കുന്നത്. പിഡബ്ല്യുഡി കെട്ടിടവിഭാഗത്തിനാണ് നിർമാണ ചുമതല. സമാനമായ മറ്റ് പ്രോജക്ടുകളുടെ ആശയങ്ങളും ഉപയോഗപ്പെടുത്തി ഏറ്റവും അനുയോജ്യമായ രീതിയിൽ തന്നെയാകും നിർമാണമെന്ന് എംഎൽഎ അറിയിച്ചു.

മാർക്കറ്റിലെ മുഴുവൻ ഓടകളും വൃത്തിയാക്കി നീരൊഴുക്ക് സുഗമമാക്കാനും വെള്ളക്കെട്ട് തടയാനും എംഎൽഎ നിർദേശം നൽകി. യോഗത്തിൽ മുനിസിപ്പൽ ചെയർപേഴ്സൺ ബീന ജോബി, വൈസ് ചെയർമാൻ മാത്യൂസ് ജോർജ്, വാർഡ് കൗൺസിലർ ബാബു തോമസ്, രാജു ചാക്കോ, സന്തോഷ് ആൻറണി, മർച്ചൻറ് അസോസിയേഷൻ പ്രസിഡൻറ് ജോൺസൺ ജോസഫ് പ്ലാത്തോട്ടം, അസോസിയേഷൻറെ മറ്റു ഭാരവാഹികൾ, പിഡബ്ല്യുഡി കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എൻജിനിയർ ശ്രീലേഖ, എഎക്സ്ഇ മഞ്ജുള തുടങ്ങിയവർ പങ്കെടുത്തു.

## ഭക്ഷണം കാറിലേക്കെത്തിച്ചില്ല, കടയുടമയ്ക്ക് മർദനം; ആറ് പേർക്കെതിരെ കേസ്

പാലക്കാട്: ഓർഡർ ചെയ്ത ഭക്ഷണം കാറിലേക്ക് എത്തിച്ച് നൽകിയില്ലെന്നാരോപിച്ച് ഹോട്ടലുടമയേയും തൊഴിലാളികളേയും മർദിച്ചതായി പരാതി. പാലക്കാട് മണ്ണാർക്കാടാണ് സംഭവം. റോഡരികിൽ കഫേ നടത്തുന്ന സൽജലി(29)നാണ് മർദനമേറ്റത്.

സംഭവത്തിൽ നാട്ടുകൽ സ്വദേശികളായ യൂസഫ്, ഷുക്കൂർ, ഷിഹാബ്, റാഷിദ്, ബാദുഷ, കണ്ടാലറിയാവുന്ന മറ്റൊരാൾ എന്നിവർക്കെതിരേ പോലീസ് കേസെടുത്തു.

കഴിഞ്ഞദിവസം രാത്രി 53ാം മൈൽ ഭാഗത്താണ് സംഭവം. കടയിലെത്തിയ യുവാക്കൾ ഭക്ഷണം ഓർഡർ ചെയ്തു. ഭക്ഷണം കാറിലേക്ക് എത്തിച്ച് നൽകണമെന്ന് സംഘം ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ സൽജൽ ഇതിന് തയാറായില്ല. ഇതോടെ യുവാക്കൾ സൽജലിന് നേരെ തട്ടികയറുകയും മർദിക്കുകയും ചെയ്തു.

ഇത് തടയാൻ ശ്രമിച്ച തൊഴിലാളികളെയും കൈയേറ്റം ചെയ്തു. കടയിലെ കസേരകളും മറ്റും തകർക്കുകയും ചെയ്തു. ആക്രമണത്തിൽ കടയക്ക് 50, 000 രൂപയുടെ നാശനഷ്ടം സംഭവിച്ചെന്ന് സൽജൽ പറയുന്നു.

## പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സൗജന്യ പരിശീലനം

കേന്ദ്ര തൊഴിൽ ഉദ്യോഗസ്ഥ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം പട്ടികജാതി/ പട്ടികവർഗ്ഗക്കാരായ യുവതീ യുവാക്കളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനു വേണ്ടി വിവിധ കമ്പ്യൂട്ടർ കോഴ്സുകൾ 2024 ജൂലായ് മാസം 1ാം തീയതി മുതൽ വിവിധ ജില്ലകളിൽ ആരംഭിക്കും. പ്ലസ്ടു പാസായവർക്ക് അപേക്ഷിക്കാം. കമ്പ്യൂട്ടർ കോഴ്സുകൾക്ക് പ്രതിമാസം 1000 രൂപ സ്റ്റൈപ്പന്റും മറ്റു പഠനസാമഗ്രികളും സൗജന്യമായി നൽകും. കോഴ്സുകളിൽ ചേരുവാൻ താൽപര്യമുള്ളവർ ജൂൺ 20ാം തീയതിക്കകം വിശദമായ ബയോഡാറ്റയും എസ്.എസ്.എൽ.സി, പ്ലസ്ടു, വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, എംപ്ലോയ്മെന്റ് കാർഡ്, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, ബാങ്ക് പാസ്ബുക്ക് (ഫ്രണ്ട് പേജ്) എന്നീ രേഖകളുടെ കോപ്പി സഹിതം 'സബ്റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർ, നാഷണൽ കരിയർ സർവീസ് സെന്റർ ഫോർ എസ്.സി/ എസ്.ടി, സംഗീത കോളേജിന് പുറകുവശം, തൈക്കാട്, തിരുവനന്തപുരം കൂടുതൽ വിവരങ്ങൾക്ക്: 0471 2332113, 8304009409.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കാണാതായിട്ട് 26 വർഷം; ഒടുവിൽ കണ്ടെത്തിയത് അയൽവാസിയുടെ വീട്ടിൽ

അൾജിയേഴ്സ്: രണ്ട് പതിറ്റാണ്ടിലേറെയായി കാണാതായ യുവാവിനെ 26 വർഷങ്ങൾക്കിപ്പുറം ഏതാനും മീറ്റർ അകലെയുള്ള അയൽവാസിയുടെ വീട്ടിൽ നിന്നും കണ്ടെത്തി. അൾജീരിയയിലെ ജെൽഫാ നഗരത്തിലാണ് സംഭവം.

അൾജീരിയൻ ആഭ്യന്തരയുദ്ധത്തിനിടെ, 1998ൽ ബി. ഒമർ എന്ന പത്തൊമ്പതുകാരനെ കാണാതായിരുന്നു. യുദ്ധം നിമിത്തം തട്ടിക്കൊണ്ടു പോകപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തതായിട്ടാണ് അദ്ദേഹത്തിൻറെ കുടുംബം കരുതിയത്.

വർഷങ്ങൾക്കിപ്പുറം അനന്തരവകാശത്തർക്കവുമായി ബന്ധപ്പെട്ടുള്ള വിഷയത്തിൽ ഒമറിൻറെ സഹോദരൻ ഈ കാണാതാകലിനെക്കുറിച്ച് സമൂഹമാധ്യമങ്ങളിൽ കുറിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് അൽജീരിയൻ പോലീസ് അന്വേഷണം ആരംഭിക്കുകയും ഒമറിനെ വെറും 200 മീറ്റർ അകലെയുള്ള ഒരാളുടെ വീട്ടിൽനിന്നും കണ്ടെത്തുകയുമായിരുന്നു.

61 കാരനായ പ്രതി രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും പോലീസ് കസ്റ്റഡിയിലെടുത്തു. എന്നാൽ ഇത്രയും വർഷം പ്രതി ഒമറിനെ എങ്ങനെ ഒളിപ്പിച്ചു എന്നതിലെ ദുരൂഹത തുടരുകയാണ്. ദുർമന്ത്രവാദത്തിലൂടെ പ്രതി ഒമറിൻറെ സംസാരശേഷി ഇല്ലാതാക്കി എന്നാണ് നാട്ടുകാർ വിശ്വസിക്കുന്നത്.

ഇരയ്ക്ക് വൈദ്യശാസ്ത്രപരവും മാനസികവുമായ പരിചരണം നൽകി സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരുമെന്ന് അധികൃതർ അറിയിച്ചു.

# ആനത്താര: ഗൂഡല്ലൂർ മണ്ഡലത്തിൽ പ്രതിഷേധം ശക്തമാകുന്നു

ഗൂഡല്ലൂർ: ഗൂഡല്ലൂർ നിയോജക മണ്ഡലത്തിലെ പുതിയ ആനത്താര പദ്ധതിക്കെതിരേ പ്രതിഷേധം ശക്തമാകുന്നു. പല ഗ്രാമങ്ങളും ജനവാസ മേഖലകളും ആനത്താരയിലാണുള്ളതെന്ന കണ്ടെത്തലാണ് വലിയ പ്രതിഷേധത്തിന് ഇടയാക്കിയിരിക്കുന്നത്.

ആനത്താരകളെക്കുറിച്ച് പഠനം നടത്താൻ സർക്കാർ നിയോഗിച്ച കമ്മീഷൻറെ റിപ്പോർട്ടിൽ തമിഴ്നാട്ടിൽ കണ്ടെത്തിയ 42 ആനത്താരകളിൽ ഓവാലി പഞ്ചായത്തിലെ 31 ഗ്രാമങ്ങളും ഉൾപ്പെടും. പട്ടയമില്ലാത്ത ജൻമം ഭൂമിയുള്ള ഓവാലി പഞ്ചായത്തിൽ ആകെ 49 ഗ്രാമങ്ങളാണുള്ളത്. ആനത്താര സംബന്ധിച്ച പരാതികൾ സമർപ്പിക്കാൻ സമയമോ സാവകാശമോ നൽകാതെയാണ് റിപ്പോർട്ട് സമർപ്പിച്ചതെന്നാണ് നാട്ടുകാർ ആരോപിക്കുന്നത്.

വ്യക്തമായ പഠനം നടത്താതെയാണ് റിപ്പോർട്ട് തയാറാക്കിയിരിക്കുന്നത്. നിലമ്പൂർ വനമേഖലയിൽ നിന്ന് മുതുമല ഭാഗത്തേക്ക് വരുന്നതിനായി പരമ്പരാഗതമായി ആനത്താരകളുണ്ട്. തീറ്റയും വെള്ളവും കുറഞ്ഞതോടെ അതിജീവനത്തിനായി ആനകൾ പല ഭാഗങ്ങളിലായി ചുറ്റിത്തിരിയുകയാണ്. ആനകൾ ജനവാസ മേഖലയിലേക്ക് ഇറങ്ങി വ്യാപക കൃഷിനാശമാണ് വരുത്തുന്നത്. ഇത് ജനങ്ങളെ കുടിയിറക്കാനുള്ള നീക്കത്തിൻറെ ഭാഗമാണെന്നാണ് നാട്ടുകാർ പറയുന്നത്.പ്രതിപക്ഷ പാർട്ടികളുടെ നേതൃത്വത്തിൽ മണ്ഡലത്തിൻറെ വിവിധ ഭാഗങ്ങളിൽ കടകൾക്ക് മുന്പിലും ഗ്രാമങ്ങളിലും വീടുകൾക്ക് മുന്പിലും പ്രതിഷേധ സൂചകമായി കറുപ്പ് കൊടി കെട്ടിയിട്ടുണ്ട്. ആനത്താരയുടെ പേര് പറഞ്ഞ് ജനങ്ങളെ പീഡിപ്പിക്കാനാണ് അധികാരികൾ ശ്രമിക്കുന്നതെന്ന് വ്യാപക പരാതി ഉയർന്നിട്ടുണ്ട്. വരും ദിവസങ്ങളിൽ ഇതിനെതിരേ തുടർ സമര പരിപാടികൾ നടക്കുമെന്ന് സമരക്കാർ അറിയിച്ചു.

# അറസ്റ്റ് നിയമ വിരുദ്ധം, പ്രബീർ പുർകായസ്തയെ ഉടൻ മോചിപ്പിക്കണമെന്ന് സുപ്രീം കോടതി; ഡൽഹി പോലീസിനു തിരിച്ചടി

ന്യൂഡൽഹി: വാർത്താ പോർട്ടലായ ന്യൂസ് ക്ലിക്കിൻറെ എഡിറ്റർ ഇൻ ചീഫ് പ്രബീർ പുർകായസ്തയുടെ അറസ്റ്റ് നിയമവിരുദ്ധമെന്ന് സുപ്രീം കോടതി. യുഎപിഎ ചുമത്തി പ്രബീർ പുർകായസ്തയെ ഡൽഹി പോലീസ് അറസ്റ്റ് ചെയ്തതും റിമാൻഡ് ചെയ്തതും നിയമവിരുദ്ധമാണെന്നും അതുകൊണ്ട് തന്നെ അദ്ദേഹത്തെ ഉടൻ വിട്ടയക്കണമെന്നും കോടതി നിർദേശിച്ചു.

കഴിഞ്ഞ വർഷം ഒക്ടോബർ നാലിന് റിമാൻഡ് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് പുരകായസ്തയ്ക്കോ അദ്ദേഹത്തിൻറെ അഭിഭാഷകനോ റിമാൻഡ് അപേക്ഷ നൽകിയില്ലെന്നും ജസ്റ്റീസുമാരായ ബി. ആർ. ഗവായ്, സന്ദീപ് മേത്ത എന്നിവരടങ്ങുന്ന ബെഞ്ച് ചൂണ്ടിക്കാട്ടി. വീണ്ടും അറസ്റ്റ് എന്ന കാര്യത്തിൽ നിയമപരമായി നടപടി സ്വീകരിക്കാമെന്നും സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്.

യുഎപിഎക്കൊപ്പം ക്രിമിനൽ ഗൂഢാലോചന, സമൂഹത്തിൽ സ്പർധ വളർത്തൽ തുടങ്ങിയ കുറ്റങ്ങളും ചുമത്തിയാണ് പ്രബീർ പുർകായസ്തയെ 2023 ഒക്ടോബർ മൂന്നിന് ഡൽഹി പോലീസ് സ്പെഷൽ സെൽ അറസ്റ്റ് ചെയ്തത്. പ്രബീർ പുർകായസ്തയ്ക്കെതിരേ ഗുരുതര ആരോപണങ്ങളാണ് സ്പെഷൽ സെൽ എഫ്ഐആറിൽ ചുമത്തിയിരുന്നത്.

കശ്മീരിനെ ഒഴിവാക്കിക്കൊണ്ടുള്ള പുതിയൊരു ഇന്ത്യൻ ഭൂപടം സൃഷ്ടിക്കാൻ പ്രബീർ പുർകായസ്ത പദ്ധതിയിട്ടു, ഇതിനായി വിദേശഫണ്ടിലൂടെ 115 കോടിയിലധികം രൂപ പ്രതിഫലമായി സ്വീകരിച്ചു തുടങ്ങിയ ആരോപണങ്ങൾ എഫ്ഐആറിൽ ഉന്നയിച്ചിരുന്നു.

# ആന്ധ്രയിൽ ലോറിയും ബസും കൂട്ടിയിടിച്ച് അപകടം; ആറ് പേർ വെന്തുമരിച്ചു, 20 പേർക്ക് പരിക്ക്

അമരാവതി: ആന്ധ്രാപ്രദേശ് പൽനാട് ജില്ലയിൽ ബസും ലോറിയും കൂട്ടിയിടിച്ച് ആറ് പേർ മരിച്ചു. 20 പേർക്ക് പരിക്ക്. ഉപ്പുഗുണ്ടൂർ കാശി ബ്രഹ്മേശ്വര റാവു (62), ലക്ഷ്മി (58), ശ്രീസായി (ഒമ്പത്), ബസ് ഡ്രൈവർ ആൻജി(35), ടിപ്പർ ഡ്രൈവർ മധ്യപ്രദേശ് സ്വദേശി ഹരി സിംഗ് എന്നിവരാണ് മരിച്ചത്. മരിച്ചവരിൽ ഒരാളെ തിരിച്ചറിഞ്ഞിട്ടില്ല.

ബുധനാഴ്ച പുലർച്ചെ ഒന്നിനാണ് സംഭവം. തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്തശേഷം മടങ്ങിയവർ സഞ്ചരിച്ച സ്വകാര്യബസാണ് അപകടത്തിൽപ്പെട്ടത്. ബസിൽ 42 യാത്രക്കാരാണ് ഉണ്ടായിരുന്നത്. ബപട്ല ജില്ലയിലെ നിലയപാലത്തിൽ നിന്ന് ഹൈദരാബാദിലേക്ക് പോവുകയായിരുന്നു ബസ്.

ചിൽക്കലൂരിപേട്ട മണ്ഡലത്തിലെ പശുമാറിനു സമീപത്തുവച്ച് ബസും ടിപ്പറും കൂട്ടിയിടിക്കുകയായിരുന്നു. കൂട്ടിയിടിയെത്തുടർന്ന് ബസിന് തീപിടിച്ചു. അഗ്നിരക്ഷാസേന സ്ഥലത്തെത്തി തീയണച്ചെങ്കിലും അപ്പോഴേക്കും രണ്ടു വാഹനങ്ങളും പൂർണമായും കത്തിനശിച്ചു.

പരിക്കേറ്റവരെ ചിലക്കലൂരിപേട്ട് ടൗൺ സർക്കാർ ആശുപത്രിയിൽ പ്രഥമ ശുശ്രൂഷ നൽകിയ ശേഷം തുടർ ചികിത്സയ്ക്കായി ഗുണ്ടൂർ സർക്കാർ ആശുപത്രിയിലേക്ക് മാറ്റി.

സംഭവത്തിൽ അന്വേഷണം ആരംഭിച്ചതായി ആന്ധ്ര പോലീസ് അറിയിച്ചു.

## പ്രണയാഭ്യർഥന നിരസിച്ചു; 20 കാരിയെ ഓട്ടോഡ്രൈവർ വീട്ടിൽ കയറി കുത്തിക്കൊലപ്പെടുത്തി

ബംഗളൂരു: പ്രണയാഭ്യർഥന നിരസിച്ച യുവതി കൊല്ലപ്പെട്ടു. അഞ്ജലി അംബിഗർ(20) എന്ന യുവതിയാണ് മരിച്ചത്. കർണാടക ഹുബ്ബള്ളി വീരപുരയിലാണ് ദാരുണസംഭവം. വീരാപുർ ഓണിയിൽ ഗിരീഷ് സാവന്ത് (21) എന്നയാളാണ് കൊലചെയ്തതെന്ന് പോലീസ് പറഞ്ഞു. സമീപപ്രദേശത്തെ ഓട്ടോറിക്ഷാ ഡ്രൈവറാണിയാൾ.

ബുധനാഴ്ച രാവിലെയാണ് സംഭവം. മാതാപിതാക്കൾ നഷ്ടപ്പെട്ട പെൺകുട്ടി മുത്തശ്ശി ഗംഗമ്മയ്ക്കൊപ്പമായിരുന്നു കഴിഞ്ഞിരുന്നത്. വീട്ടിലേയ്ക്കെത്തിയ ഗിരീഷ് അഞ്ജലിയെ കൂടെ കൊണ്ടുപോകുകയാണെന്ന് മുത്തശ്ശിയോട് പറഞ്ഞു. എന്നാൽ അഞ്ജലി ഇത് നിരസിച്ചു. ഇതോടെ പ്രതി യുവതിയെ പലവട്ടം കുത്തിക്കൊലപ്പെടുത്തുകയായിരുന്നു.

കൊലയ്ക്കുശേഷം രക്ഷപ്പെട്ട പ്രതിയ്ക്കായി തിരച്ചിൽ ഊർജിതമാക്കിയതായി കർണാടക പോലീസ് അറിയിച്ചു. ഒരു കാൻറീനിൽ ജോലി ചെയ്തിരുന്ന അഞ്ജലിയെ പ്രതി നേരത്തെയും ശല്യപ്പെടുത്തിയിരുന്നതായാണ് വിവരം. ഇത് സംബന്ധിച്ച് ഗംഗമ്മ പോലീസിനെ സമീപിച്ചിരുന്നെങ്കിലും പരാതി ഗൗരവമായി എടുക്കാതെ പറഞ്ഞയച്ചതായി ആക്ഷേപമുണ്ട്.

## ഇന്തോനേഷ്യയിൽ കനത്ത മഴയും ലാവാ പ്രവാഹവും; 43 പേർ മരിച്ചു

പദാംഗ്: ഇന്തോനേഷ്യയിലെ സുമാത്ര ദ്വീപിൽ കനത്ത മഴയിലും തണുത്ത ലാവാ പ്രവാഹത്തിലും 43 പേർ മരിച്ചു. 15 പേരെ കാണാതായി. ശക്തമായ മഴയെത്തുടർന്നുണ്ടായ മണ്ണിടിച്ചിലിലും മറാപി പർവതത്തിൽനിന്നുള്ള തണുത്ത ലാവ പ്രവാഹത്തിലുമാണു നിരവധി പേർക്ക് ജീവഹാനിയുണ്ടായത്.

ശനിയാഴ്ച പടിഞ്ഞാറൻ സുമാത്ര പ്രവിശ്യയിലെ നാലു ജില്ലകളിലെ മലയോര ഗ്രാമങ്ങളെയാണ് മിന്നൽ പ്രളയം ബാധിച്ചത്. നിരവധി വീടുകളും കെട്ടിടങ്ങളും വെള്ളത്തിനടിയിലായി.

അഗാം, തനഹ് ജില്ലകളിലെ 3,100 പേരെ താത്കാലിക കേന്ദ്രങ്ങളിലേക്കുമാറ്റി. അഗ്നിപർവത പദാർഥങ്ങളുടെയും ഉരുളൻകല്ലുകളുടെയും മിശ്രിതമായ ലാഹാർ എന്നറിയപ്പെടുന്ന തണുത്ത ലാവ, മഴയിൽ അഗ്നിപർവത ചരിവിലൂടെ പ്രവഹിക്കുകയായിരുന്നു. ലാഹാർ പ്രവാഹമാണു ദുരന്തകാരണമായത്. മഴ കനത്ത നാശം വിതച്ച അഗാം, തനഹ് ദതാർ ജില്ലകളിലാണു കൂടുതൽ പേർ മരിച്ചത്.

മഴക്കെടുതിയിൽ 19 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. വെള്ളപ്പാച്ചിലിൽ നദികളുടെ കരയിടിയുകയും റോഡുകൾ ഒഴുകിപ്പോകുകയും ചെയ്തു. ജനങ്ങളോട് സുരക്ഷിതസ്ഥാനങ്ങളിലേക്കു മാറാൻ അധികൃതർ നിർദേശിച്ചു.

# കേരളത്തിൽ വർഗീയ രാഷ്ട്രീയ പ്രചാരണം നടത്തിയത് സിപിഎം: എൻ. കെ. പ്രേമചന്ദ്രൻ

അങ്കമാലി: കേരളത്തിൽ ലോക്സഭ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ വർഗീയസമുദായ ചേരിതിരിവിലൂടെ രാഷ്ട്രീയ നേട്ടത്തിന് ശ്രമിച്ചത് സിപിഎം ആണെന്ന് ആർഎസ്പി കേന്ദ്ര സെക്രട്ടേറിയറ്റ് അംഗം എൻ. കെ. പ്രേമചന്ദ്രൻ എംപി ആരോപിച്ചു.

കേന്ദ്ര ഭരണത്തിനെതിരെയും സംസ്ഥാന ഭരണത്തിനെതിരെയുമുള്ള ജനവികാരം കേരളത്തിൽ ഉണ്ടാകുമെന്നും 20 സീറ്റിലും യുഡിഎഫ് വിജയിക്കുമെന്നും പശ്ചിമ ബംഗാളിൽ തെരഞ്ഞടുപ്പ് പ്രചാരണത്തിന് പോകുന്ന എൻ. കെ. പ്രേമചന്ദ്രൻ അങ്കമാലിയിൽ പത്രപ്രവർത്തകരോട് പറഞ്ഞു.

രാജ്യത്തെ നിർണായകമായ തെരഞ്ഞടുപ്പ് വേളയിൽ വിദേശ രാജ്യങ്ങളിൽ ഉല്ലാസ യാത്രയ്ക്ക് പോയ പൊളിറ്റ് ബ്യൂറോ അംഗം കൂടിയായ മുഖ്യമന്ത്രി പിണറായി വിജയൻറെ നടപടി രാഷ്ട്രീയ പ്രതിബന്ധത ഇല്ലാത്തതാണെന്നും അദ്ദേഹം പറഞ്ഞു.

19ന് കോൽക്കത്തയിലെ പ്രചരണം കഴിഞ്ഞ് മടങ്ങിവരും. ആർഎസ്പി മൂന്ന് സീറ്റിൽ കോൺഗ്രസ്എൽഡിഎഫ് മുന്നണിയിൽനിന്നും മത്സരിക്കുന്നുണ്ടെന്ന് ആർഎസ്പി ജില്ലാ സെക്രട്ടറി ജോർജ് സ്റ്റീഫൻ പറഞ്ഞു.

# സൗര കൊടുങ്കാറ്റ് ഇനിയും വരുന്നു

വാഷിങ്ടൺ: ശക്തിയേറിയ സൗര കൊടുങ്കാറ്റിന്റെ ആവർത്തനം ഞായറാഴ്ചയും ഉണ്ടാകുമെന്ന മുന്നറിയിപ്പുമായി യുഎസ് നാഷണൽ ഓഷ്യാനിക് ആൻഡ് അറ്റ്മോസ്ഫെറിക് അഡ്മിനിസ്ട്രേഷൻ. കഴിഞ്ഞ ശനിയാഴ്ചയേക്കാൾ തീവ്രത കുറവായിരിക്കും. ഉപഗ്രഹ സിഗ്നലുകളെയും പവർ ഗ്രിഡിനെയും മൊബൈൽ സിഗ്നലുകളെയും ബാധിച്ചേക്കാമെന്നും അറിയിപ്പിലുണ്ട്.

ശനിയാഴ്ച രാത്രി ഭൂമിയിൽ വീശിയ സൗരക്കാറ്റ് ആകാശത്തെ വിസ്മയക്കാഴ്ചയായിരുന്നു. രണ്ടു ദശാബ്ദത്തിനിടയിലെ ഏറ്റവും ശക്തിയേറിയ സൗരക്കാറ്റാണിത് എന്നാണ് വിലയിരുത്തൽ. അതേസമയം പവർ ഗ്രിഡുകൾ, ആശയവിനിമയ സംവിധാനങ്ങൾ, ഉപഗ്രഹ സിഗ്നലുകൾ എന്നിവയിൽ ചെറിയ തടസങ്ങൾ മാത്രമാണുണ്ടായത് എന്നത് ആശ്വാസമായി.

യുഎസ്, ജർമ്മനി, സ്വിറ്റ്സർലൻഡ്, ചൈന, ഇംഗ്ലണ്ട്, സ്പെയിൻ എന്നിവയുൾപ്പെടെ ലോകമെമ്പാടും ധ്രുവദീപ്തി ദൃശ്യമായിരുന്നു. ബഹിരാകാശത്ത് സൗരവാതങ്ങളും ഭൂമിയുടെ കാന്തികമണ്ഡലവും പ്രതിപ്രവൃത്തിക്കുന്നതിന്റെ ഫലമായാണ് ധ്രുവദീപ്തി സൃഷ്ടിക്കപ്പെടുക. ധ്രുവപ്രദേശങ്ങളിലാണിത് കൂടുതൽ ദൃശ്യമാകുക. വെള്ളി, ശനി ദിവസങ്ങളിൽ കുറഞ്ഞത് നാല് ശക്തമായ സൗര കൊടുങ്കാറ്റുകൾ ഭൂമിയിൽ എത്തി. സൗരക്കാറ്റ് സ്പേസ് എക്സിന്റെ സ്റ്റാർലിങ്ക് സാറ്റലൈറ്റ് ഇന്റർനെറ്റ് സേവനത്തെ സമ്മർദത്തിലാഴ്ത്തിയതായി സിഇഒ ഇലോൺ മസ്ക് അറിയിച്ചിരുന്നു.

ശക്തമായ സൗരജ്വാലകളുടെ സാന്നിധ്യം ഐഎസ്ആർഒ സൗരദൗത്യ പേടകമായ ആദിത്യഎൽ1ഉം രണ്ടാമത്തെ ചാന്ദ്രദൗത്യമായ ചന്ദ്രയാൻ2ലെ ഓർബിറ്ററും പകർത്തിയതായി ഐഎസ്ആർഒ അറിയിച്ചിരുന്നു. ഭൂമിയിൽനിന്ന് 15 ലക്ഷം കിലോമീറ്റർ അകലെ എൽ1 പോയിന്റിൽ സ്ഥിതിചെയ്താണ് ആദിത്യ സൂര്യനെ നിരീക്ഷിക്കുന്നത്. ആദിത്യ എൽ 1 പേടകത്തിലെ പേലോഡുകളിലൊന്നായ ആസ്പെക്സാണ് സൗരജ്വാലകളുടെ പ്രവർത്തനം പകർത്തിയത്. ചന്ദ്രന്റെ ഭ്രമണപഥത്തിൽനിന്നും ചന്ദ്രയാൻ 2 ഓർബിറ്ററിലെ സോളാർ എക്സ്റേ മോണിറ്റർ (എക്സ്എസ്എം) സൗരജ്വാലകളെയും ഭൗമകാന്തിക കൊടുങ്കാറ്റിനെയും നിരീക്ഷിച്ചതായും വിവരങ്ങൾ ശേഖരിച്ചതായും ഐഎസ്ആർഒ അറിയിച്ചു

# നക്ബ ഓർമ്മയിൽ പലസ്തീൻ ജനത

ഗാസ സിറ്റി: ഇസ്രയേൽ അധിനിവേശത്തിന്റെ രണ്ടാം അധ്യായത്തിൽ ആദ്യം പിറന്ന മണ്ണിൽനിന്ന് ആട്ടിയോടിക്കപ്പെട്ടതിന്റെ 76ാം വാർഷികം ആചരിച്ച് പലസ്തീൻ ജനത. 1948ൽ ഇസ്രയേൽ എന്ന രാജ്യം സ്ഥാപിച്ചതിന്റെയും തൊട്ടുമുമ്പായി ഏഴുലക്ഷത്തിലേറെ പലസ്തീനികൾ കുടിയിറക്കപ്പെട്ടതിന്റെയും ഓർമ്മ ദിവസമായാണ് നക്ബ അഥവ, 'ദുരന്ത' ദിനം ആചരിക്കപ്പെടുന്നത്.

അറബ് ഇസ്രായേൽ യുദ്ധത്തിനിടെയും ശേഷവുമായി പലസ്തീനികൾക്കുനേരെ ആക്രമണം അഴിച്ചുവിട്ട ജൂത സൈനിക സംഘടനകൾ അവരെ പുറത്താക്കുകയും താമസകേന്ദ്രങ്ങൾ തീയിട്ട് നശിപ്പിക്കുകയുമായിരുന്നു. ജറുസലെം, ജഫ്ഫ അടക്കം പലസ്തീനി മേഖലകൾ അധിനിവേശത്തിനിരയായി.

ഏഴുമാസം പിന്നിട്ട ഗസ യുദ്ധത്തിലുടനീളം ഗാസാ മുനമ്പിനകത്തേക്കും പുറത്തേക്കും പലവട്ടം കുടിയിറക്കപ്പെട്ട പലസ്തീനികൾക്ക് ഏറ്റവുമൊടുവിൽ റഫയിൽനിന്ന് കൂട്ട ഒഴിഞ്ഞുപോക്കിന്റെ നാളുകളാണ്. അഞ്ചുലക്ഷം പേർ ഇതിനകം റാഫയിൽനിന്നുമാത്രം നാടുവിട്ടു കഴിഞ്ഞു. വടക്കൻ ഗാസയിൽനിന്നുൾപ്പെടെ എത്തിയവരാണ് വീണ്ടും പലായനത്തിന് നിർബന്ധിതരാകുന്നത്.

'1948ൽ എന്റെ സ്വപ്നം തിരിച്ചുവരാനായിരുന്നു. ഇന്നിപ്പോൾ അത് അതിജീവിക്കാനായി മാറിയിരിക്കുന്നു.

മക്കൾക്കും ചെറുമക്കൾക്കും ഒന്നും നൽകാനാകുന്നില്ലെന്നതാണ് ഇന്ന് വേദന' നക്ബ ഓർമകളുമായി മുവാസിയിലെ തമ്പിൽ കഴിയുന്ന അൽഗസാർ എന്ന വൃദ്ധൻ പറയുന്നു. മാസങ്ങൾക്കിടെ 17 ലക്ഷം പലസ്തീനികൾ പലായനം ചെയ്യേണ്ടിവന്നുഅഥവാ, ഗാസ ജനസംഖ്യയുടെ നാലിൽ മൂന്ന് പേർ. അതും ഒരിടത്തുനിന്ന് അടുത്തതിലേക്കായി പലവട്ടം.

അതിർത്തികൾ ഇസ്രയേൽ കൊട്ടിയടക്കുകയും ഈജിപ്ത് നിയന്ത്രണം ശക്തമാക്കുകയും ചെയ്തതിനാൽ ഗസയിൽനിന്ന് ഇത്തവണ പുറംനാടുകളിലേക്ക് കടന്നവരുടെ എണ്ണം വളരെ കുറവാണ്. ഗാസയുടെ അടിസ്ഥാന സൗകര്യങ്ങളിലേറെയും ഇതിനോടകം നാമവശേഷമായി കഴിഞ്ഞു. ഗാസയുടെ പുനർനിർമ്മാണത്തിന് 2040 വരെയെങ്കിലും വേണ്ടിവരുമെന്നാണ് യുഎൻ കണക്കുകൂട്ടൽ.

## ശ്രീശങ്കര നൃത്ത സംഗീതോത്സവം 19 മുതൽ 24 വരെ കാലടിയിൽ

കൊച്ചി: ശ്രീശങ്കര സ്കൂൾ ഓഫ് ഡാൻസിന്റെ ആഭിമുഖ്യത്തിൽ 19 മുതൽ 24 വരെ കാലടിയിൽ അന്തർദേശീയ ശ്രീശങ്കര നൃത്ത സംഗീതോത്സവം സംഘടിപ്പിക്കുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. 19ന് വൈകിട്ട് നാലിന് പത്മശ്രീ ജയറാമ റാവു ഉദ്ഘാടനം ചെയ്യും. ഫെസ്റ്റിവൽ ചെയർമാൻ കെ ടി സലിം അധ്യക്ഷത വഹിക്കും.

ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ നേടിയ റോക്കറ്റ്ട്രീ എന്ന സിനിമയുടെ നിർമ്മാതാവ് ഡോ. വർഗീസ് മൂലനെ ചടങ്ങിൽ രക്ഷാധികാരി റോജി എം ജോൺ എംഎൽഎ ആദരിക്കും. ഈ വർഷത്തെ എൻആർഐ അവാർഡ് ഇംഗ്ലണ്ടിൽ നിന്നുള്ള ഡോ. ഗീത ഉപാധ്യയ്ക്ക് സമ്മാനിക്കും. നൃത്ത പ്രതിഭാ പുരസ്കാരങ്ങളും വിതരണം ചെയ്യും. തുടർന്ന് പ്രൊഫ. പി വി പീതാംബരൻ രചിച്ച കാലടിയുടെ മാഹാത്മ്യം വിശദമാക്കുന്ന 18 കലാകാരികൾ അണിനിരക്കുന്ന നൃത്തം മണ്മറഞ്ഞ കലാകാരന്മാർക്കായി സമർപ്പിക്കും.

എല്ലാ ദിവസങ്ങളിലും വൈകിട്ട് നാലുമുതൽ ഒമ്പതു വരെ ഗ്രൂപ്പിനങ്ങൾ നടക്കും. രാജ്യത്തിനകത്തും പുറത്തുമുള്ള പ്രമുഖരായ നർത്തകർ ഈ നൃത്ത സംഗീതോത്സവത്തിൽ പരിപാടികൾ അവതരിപ്പിക്കുമെന്നും സംഘാടകർ പറഞ്ഞു. വാർത്താസമ്മേളനത്തിൽ ചെയർമാൻ കെ ടി സലിം, എ ആർ അനിൽകുമാർ, ഡോ പി വി ജയരാജ്, എം കെ ലെനിൻ, കെ എൻ ജയകൃഷ്ണൻ, മിനി ഷാജി എന്നിവർ പങ്കെടുത്തു.

## വൈഭവിന്റെ മരണം: മാപ്പുചോദിച്ച് യുഎൻ

ജനീവ: ഗാസയിലെ ഇസ്രയേൽ ആക്രമണത്തിൽ ജീവൻ നഷ്ടമായ ഇന്ത്യൻ ആർമി റിട്ടയേർഡ് കേണൽ വൈഭവ് അനിലിന് അനുശോചനം രേഖപ്പെടുത്തി യുഎൻ. ഞങ്ങൾ ഇന്ത്യയോട് മാപ്പ് ചോദിക്കുന്നുവെന്നും സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ടെന്നും യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് പറഞ്ഞു. ഇന്ത്യൻ സൈന്യത്തിൽ നിന്ന് വിരമിച്ച് ഏഴുമാസം മുമ്പ് ഗാസയിലെ യുഎന്നിന്റെ സുരക്ഷാ സേവന കോർഡിനേറ്ററായി പ്രവർത്തിക്കവെയാണ് വൈഭവ് അനിൽ (46) തിങ്കളാഴ്ച നടന്ന ഇസ്രയേൽ ആക്രമണത്തിൽ കൊല്ലപ്പെട്ടത്. ഒക്ടോബർ ഏഴിനുശേഷം ഗാസയിൽ കൊല്ലപ്പെടുന്ന യുഎന്നിന്റെ ആദ്യ വിദേശി പൗരനാണ് വൈഭവ്.

ഇസ്രയേലി സൈനിക ടാങ്കിൽ നിന്നാണ് യുഎൻ ഉദ്യോഗസ്ഥർ സഞ്ചരിച്ചിരുന്ന വാഹനത്തിനുനേരെ ആക്രമണമുണ്ടായതെന്ന് യുഎൻ സ്ഥിരീകരിച്ചിട്ടുണ്ട്. ഇവർ സഞ്ചരിച്ച വാഹനത്തിന്റെ റൂട്ട് അധികൃതർക്ക് കൈമാറിയിരുന്നില്ലെന്നായിരുന്നു ഇസ്രായേൽ നടത്തിയ വിശദീകരണം. എന്നാൽ റൂട്ട് മാപ്പ് കൃത്യമായി അധികൃതർക്ക് കൈമാറിയിരുന്നതായി യുഎൻ വക്താവ് റോലാൻഡോ ഗോമസ് അറിയിച്ചു.

## കേജരിവാളിന് പ്രത്യേക പരിഗണന നൽകിയിട്ടില്ല: സുപ്രീംകോടതി

ന്യൂഡൽഹി: മദ്യനയ അഴിമതിക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാളിന് പ്രത്യേക പരിഗണന നൽകിയിട്ടില്ലെന്ന് സുപ്രീംകോടതി. കേജരിവാളിന് ജാമ്യം നൽകിയത് അസാധാരണ നടപടിയില്ലെന്നും കോടതി വ്യക്തമാക്കി. അറസ്റ്റിനെതിരെ കേജരിവാൾ നൽകിയ ഹർജി പരിഗണിക്കുന്നതിനിടെയാണ് കോടതി ഇക്കാര്യം വ്യക്തമാക്കിയത്. കോടതി വിധിയെ വിമർശിക്കുന്നതും വിലയിരുത്തുന്നതും സ്വാഗതം ചെയ്യുന്നതായി കോടതി അറിയിച്ചു. ജസ്റ്റീസുമാരായ സഞ്ജീവ് ഖന്ന, ദീപാങ്കർ ദത്ത എന്നിവർ ഉൾപ്പെട്ട രണ്ടംഗ ബെഞ്ചാണ് ഹർജി പരിഗണിച്ചത്.

അറസ്റ്റും റിമാൻഡും റദ്ദാക്കണം എന്നാവശ്യപ്പെട്ടാണ് കേജരിവാൾ കോടതിയെ സമീപിച്ചത്. എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് അറസ്റ്റ് നിയമ വിരുദ്ധമാണെന്നാണ് കേജരിവാളിൻറെ വാദം.

2023ലെ പങ്കജ് ബൻസാൽ കേസിലെ സുപ്രീംകോടതി വിധിക്ക് വിരുദ്ധമാണിതെന്നാണ് അദ്ദേഹം ചൂണ്ടിക്കാട്ടുന്നത്. എന്നാൽ നടപടിക്രമങ്ങൾ പാലിച്ചാണ് അറസ്റ്റ് എന്നാണ് ഇഡി നിലപാട്.

## പശ്ചിമബംഗാളിൽ ഇടിമിന്നലേറ്റ് 11 പേർ മരിച്ചു

കോൽക്കത്ത: പശ്ചിമബംഗാളിൽ ഇടിമിന്നലേറ്റ് 11 പേർ മരിച്ചു. മാൾഡ ജില്ലയിലാണ് ആളുകൾക്ക് വ്യാപകമായി ഇടിമിന്നൽ ഏറ്റത്. മണിക്ശ്ചക്, സഹാപൂർ, അദീന, ബാലുപൂർ, ഹരിശ്ചന്ദ്രപൂർ, ഇംഗ്ലീഷ്ബാസാർ എന്നിവിടങ്ങളിലുള്ള ആളുകളാണ് മരിച്ചത്. മൂന്ന് കുട്ടികളടക്കം മരണപ്പെട്ടിട്ടുണ്ട്. രണ്ട് പേർ പരിക്കുകളോടെ ആശുപത്രിയിൽ ചികിത്സയിലാണ്. മരിച്ചവരുടെ കുടുംബത്തിന് സർക്കാർ രണ്ട് ലക്ഷം വീതം സഹായധനം പ്രഖ്യാപിച്ചു.